

# സാഗര

2019

**Magazine by Little Kites Club**

**GVHSS CHERIAZHEEKAL**

# സാഗര

## സ്കൂൾ ഡിജിറ്റൽ മാഗസിൻ

## 2018-2019

## ലിറ്റിൽ കൈറ്റ്സ് ക്ലബ്

## ജി വി എച്ച് എസ്സ് എസ്സ് . ചെറിയഴീക്കൽ

# സന്ദേശം



**വി . പ്രകാശ് .**

പ്രിയപ്പെട്ട കുട്ടികളെ,

വിവരസാങ്കേതിക വിദ്യയുടെ പുത്തൻ ആശയങ്ങളുടെ ചിറകുവിരിച്ചു പറന്നുയരുന്ന ഓരോ വിദ്യാർത്ഥികൾക്കും എന്റെ വിജയാശംസകൾ. ആകാശത്തിന്റെ അനന്തയിൽ പറന്നു നടക്കുന്ന ഓരോ പക്ഷികളും പ്രകൃതിയെ ഹരിതപൂർണ്ണമാക്കാനായി ഓരോ ചെടിയുടെ വിത്തുകൾ നിക്ഷേപിക്കുമെന്നാണ് പറയുന്നത്. അത് പോലെ വിവരസാങ്കേതിക വിദ്യയുടെ ചിറകുനീർത്തി പറന്നുയരുവാനും പുതിയ ആശയങ്ങളുടെ ചന്ദനമൊട്ടുകൾ വാരിവിതറാനും അതിലൂടെ ഭാവനയുടെ പുതിയലോകം തീർക്കുവാനും കഴിയട്ടെ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ മിഴിതുറക്കുന്ന "**സാഗര**" എന്ന ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു

എന്ന്

**വി . പ്രകാശ്**

**ഹെഡ്മാസ്റ്റർ**

# **സന്ദേശം**

**പ്രിയപ്പെട്ട വിദ്യാർത്ഥികളെ**

അനുദിനം വളർന്നു കൊണ്ടിരിക്കുന്ന വിവരസാങ്കേതിക വിദ്യയുടെ ലോകത്തേക്ക് സ്കൂൾ പഠനകാലത്ത് തന്നെ വിദ്യാർത്ഥികൾക്ക് ചുവടുവക്കുവാനുള്ള ഒരു വാതായനമായിരുന്നു ലിറ്റിൽ കൈറ്റ്സ്. കലാ സാഹിത്യ രംഗങ്ങളിലെ വളർച്ചയെന്നപോലെ തന്നെ നൂതന സാങ്കേതിക വിദ്യയുടെ മേഖലയിലും അഭിരുചിയുള്ള കുറച്ചധികം വിദ്യാർഥികൾ നമ്മുടെ വിദ്യാലയത്തിൽ ഉണ്ടായിരിക്കുന്നു അവർ ഓരോരുത്തരും കൃത്യമായ പരിശീലനങ്ങളിലൂടെയും തുടർ പരിശീലനനാളിലൂടെയും സ്വായത്തമാക്കിയ അവരുടെ കഴിവുകളെ ഒരു ചെറു സ്കൂൾ മാഗസിന്റെ രൂപത്തിൽ അവഹരിപ്പിക്കുകയാണ് . **സാഗര** എന്ന **ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ** പ്രഥമ പ്രസിദ്ധീകരണത്തിന് എല്ലാവിധ ആശംസകളും നേരുന്നു

**എന്ന്**



**PRIYA B KITE MISTRESS**



**PRAFUL K C KITE MASTER**

സുഹൃത്തുക്കളെ

കലാപരമായും സാങ്കേതിക പരവുമായിട്ടുള്ള കഴിവുകൾ ഉള്ള കുറെയധികം കുട്ടികൾ നമുക്കിടയിലുണ്ട് , അങ്ങനെയുള്ളവർക് അത് പ്രകടിപ്പിക്കുവാനുള്ളൊരു അവസരം ആയിരുന്ന് ഈ ഡിജിറ്റൽ മാഗസിൻ, ഏറെ ശ്രമകരമായ ഈ ദൗത്യം പൂർണ്ണതയിലെത്തിക്കാൻ ഞങ്ങൾക്കൊപ്പം കൈകോർത്ത എല്ലാ കൂട്ടുകാർക്കും ഗുരുജനങ്ങൾക്കും നന്ദി



**അപർണ്ണ അനു**

**(സ്റ്റുഡൻറ് എഡിറ്റർ )**

# മലയാളം.

അനുഭവക്കുറിപ്പുകൾ

ലേഖനങ്ങൾ, കവിതകൾ,

ചെറുകഥകൾ,അഭിമുഖം .

# തീരം, തിര  വിഴുങ്ങും മുമ്പേ.




ആര്യ എസ് **10 A**

നാം ജനിച്ചുവളർന്ന നമ്മുടെ സ്വന്തം നാടാണ് ആലപ്പാട്. അറബിക്കടലിന്റെയും ടി എസ് കനാലിന്റെയും  തലോടലേറ്റ് നീണ്ടുനിവർന്നു അങ്ങനെ കിടക്കുന്ന പ്രകൃതിസുന്ദരമായ നമ്മുടെ കൊച്ചു തീരദേശഗ്രാമം. പണ്ടൊരുനാൾ ക്ഷണിക്കപ്പെടാത്ത ഒരു അതിഥിയായി കടന്നുവന്നു ആലപ്പാട് ഗ്രാമത്തെ ഒന്നടങ്കം തച്ചുടച്ച സുനാമി എന്നൊരു ദുരന്തം, ഒന്നരദശാബ്ദത്തിനുള്ളിൽ നിരവധിതവണ കലിതുള്ളി വന്ന കടലമ്മയും ഒരിക്കൽ വീശിയടിച്ച ഓഖി കൊടുങ്കാറ്റും ഭീതിയുടെ നിഴലിൽ വീണ്ടും നമ്മെ തളച്ചിട്ടു . ഇന്ന് നമ്മുടെ ഗ്രാമത്തിന്റെ അതിരുകൾ അങ്ങിങ്ങായി കടലെടുത്തുകൊണ്ടിരിക്കുന്നു.

നല്ലൊരു ശതമാനം കരയും ഇന്ന് ഇല്ലാതായിരിക്കുന്നു. ഐ ആർ ഇ യുടെ കരിമണൽഖനനം എന്ന പേരിൽ വലിച്ചിറക്കപ്പെട്ടവർ ഇന്ന് പൂർണ്ണമായും ദുരിതങ്ങളുടെ നടുവിലാണ്. ഇന്നും വെള്ളനാതുരുത് തീരങ്ങളിൽ നിന്നും കരിമണൽ കയറ്റിക്കൊണ്ടുപോകുന്നത് തുടരുകയാണ്. ആ തീരാത്ത ഇനി അവശേഷിക്കുന്ന കരകൂടി ഖനനത്തിന്റെ പേരിൽ ചൂഴ്ന്നെടുത്താൽ സമീപഭാവിയിൽ തന്നെ കടൽ കായലിനെ പുൽകും തന്മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളുടെ ഗൗരവം ഊഹിക്കാവുന്നതേ ഉള്ളു .നമ്മുടെ നാടിൻറെ പരമ്പരാഗത തൊഴിലായ മത്സ്യബന്ധനം പോലും ഇന്ന് ഈ ചെയ്തികൾ കാരണം വെല്ലുവിളി നേരിടുന്ന അവസ്ഥയാണെന്നത് വ്യക്തമായ യാഥാർത്യം ആണ് . ഈ പോക്ക് പോയാൽ ഒരുപക്ഷെ ആലപ്പാട് ഗ്രാമത്തെ ഇനിയൊരുനാൾ ഭൂപടത്തിൽ ഇല്ലാത്തയിടം എന്ന് വരും തലമുറയ്ക്ക് പഠിക്കേണ്ടി വരും .

കരിമണൽ ഖനനത്തിന്റെ പ്രാരംഭനാളുകൾ മുതൽ തന്നെ പ്രതിഷധങ്ങളും സമരങ്ങളും അരങ്ങേറിയിട്ടുള്ളതാണെന്നു പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട് . 2018  നവംബർ മാസം തുടങ്ങിവച്ച അനിശിതകാല നിരാഹാരസമരം സേവ് ആലപ്പാട് എന്ന ഹാഷ്ടാഗമായി ഇന്ന് ലോകമെമ്പാടുമുള്ള ജനങ്ങളുടെ പിന്തുണയോടെ മുന്നേറുന്ന കാഴ്ചയാണ് നാം കാണുന്നത് . രാജ്യത്തിന്റെ പുരോഗതിക്കും വിദേശനാണ്യത്തിനും വേണ്ടി അന്നന്നത്തെ അന്നത്തിനു വേണ്ടി കടലിനോടും കാറ്റിനോടും മല്ലടിച്ചു മത്സ്യബന്ധനം നടത്തുന്ന സാധാരണ ജനതയെ പെരുവഴിയിൽ ഇറക്കുന്നത് നന്നാണോ? കടൽ കായലിനെ പുൽകിയാൽ പിന്നെ മറ്റു നാട്ടിടവഴികളിലേക്കും എത്തിച്ചേരാൻ അധികം ദൂരമില്ലെന്നും നാം ഓർക്കണം . തൊഴുകൈയ്യോടെ പ്രാർത്ഥനയോടെ ആർജവത്തോടെ പിറന്ന മണ്ണ് കടലെടുത്തുപോകാതിരിക്കാൻ പോരാടുന്ന ജനതയ്ക്ക് പിന്തുണ നൽകാം

# ജനിച്ചമണ്ണിൽ ജീവിക്കാൻ ആലപ്പാടിന്റെ പോരാട്ടം .

**ARDRA RAMANAN 9 B**

ആലപ്പാടിനെ അറിയാത്തവർ ആരുമില്ല കാരണം ഓഗസ്റ്റ് മാസം കേരളത്തെ ഒന്നാകെ വിഴുങ്ങിയ മഹാപ്രളയത്തിൽ നിന്നും കേരളം ജനതയെ പുതിയൊരു ജീവിതത്തിലേക്ക് കൈപിടിച്ചുയത്തിയ ആലപ്പാട്ടെ അരയന്മാർ തന്നെ . സ്വന്തം ജീവൻ പോലും വകവെക്കാതെ പ്രളയത്തെ പോലും വെല്ലുവിളിച്ചു സഹോദരങ്ങളെ രക്ഷിക്കാനുള്ള അവരുടെ പോരാട്ടം ലക്ഷക്കണക്കിന് ആളുകൾക്കാണ് ജീവിതം തിരികെ കിട്ടിയത്. എന്നാൽ ഇപ്പോൾ അതെ ആലപ്പാട്ടുകാർ ജനിച്ചമണ്ണിനുവേണ്ടി പോരാടുകയാണ്. കരിമണൽ ഖനനത്തെ പ്രതിരോധിച്ചുകൊണ്ട് ആലപ്പാട്ടുകാർ ഇന്ന് സമരത്തിലാണ്.

ആലപ്പാട്ടുകാർ ഒന്നിച്ചു ഒരേ മനസ്സോടെ നടത്തുന്ന ഈ പോരാട്ടത്തിൽ ഇന്ത്യ ഒട്ടാകെ ആലപ്പാട് ജനതക്ക് ഒപ്പമാണ്. #സേവ് ആലപ്പാട് #സ്റ്റോപ്പ് മൈനിങ്  എന്ന മുദ്രാവാക്യവും ഹാഷ്ടാഗുമായി ജനമനസ്സുകൾ ഇന്നീ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചിരിക്കുകയാണ്. ഖനനം മൂലം ആലപ്പാടെന്ന തീരദേശ ഗ്രാമം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഈ പ്രദേശം ഇല്ലാതെയായാൽ ഒരു ജനതയുടെ സർവ്വവും നഷ്ടപ്പെടുന്ന അവസ്ഥയാണ്. ഖനനം നിർത്തും വരെ ആലപ്പാടുകാർ സമരം തുടരും .

# കരിമണ്ണ് ഖനനം




**ആദിത്യൻ കെ വി**

**8A**

ഞാൻ ജനിച്ച മണ്ണിൽ
ഉറങ്ങാൻ കഴിയാത്ത കാലമായി
ഞാൻ ജനിച്ച മണ്ണിൽ
മരിയ്ക്കാൻ കഴിയാത്ത കാലമായി
കടലോരമക്കളെ കാണുകില്ലേ
കടലോരഗ്രാമമിതാണ്ടുപോയി
കരിമണ്ണ് ഖനനമിതാ തുടങ്ങി
കണ്ണുനീർ തുള്ളിപോൽ ബാക്കിയായി
എങ്കിലും എങ്കിലും കാലമിതാ പോയി
ആലപ്പാട് പോയി
എന്റെ ഗ്രാമം ഇല്ലാതായിപ്പോയി
നന്മയും സ്നേഹവും സൗഹൃദവും പൂക്കുന്ന
നാട്ടുകാരുടെ ഗ്രാമമായി

# കരയറിയാതെ ആലപ്പാട്



***Saniya S 9B***

ഞാൻ ഇന്ന് ജനിച്ച പക്ഷെ
എന്നെ കവർന്നു പിഴിഞ്ഞു
തിന്നുന്ന കഴുകൻ കൂട്ടിൽ നിന്ന്
എനിക്ക് എന്നാണൊരു മോചനം

ഞാൻ എന്ന മണ്ണിൽ
പിറന്നോരെൻ മക്കൾ
ഞാൻ എന്ന മണ്ണിൽ
ജീവിക്കാൻ പലതും ത്യജിച്ച മക്കൾ
ഞാൻ എന്ന നാടിനായി
പൊരുതുന്ന മക്കൾ

എനിക്കായി കലഹിച്ചും
പ്രതിഷേധിച്ചും കൈകോർത്തും
എന്നെ ഇനിയും കവരാതെ
തുണയ്ക്കുന്ന മക്കൾ

ഇനി എന്നാണൊരു മോചനം
ഇനി എന്നൊരു ജീവിതം
കരയറിയാതെ കവരുന്ന
ചില സ്വാർത്ഥമോഹികൾ
എന്റെ ജീവൻ

# കാപഠ്യമുള്ള പൊതുപ്രവർത്തകൻ സമൂഹത്തെ ജീർണിപ്പിക്കും



***ASHIK.U***
***9 B***

. എല്ലായിടങ്ങളിലും പൊതുപ്രവർത്തകനായിവരുന്ന ആളുടെ ലക്ഷ്യം രാക്ഷ്ട്രിയത്തിൽ കയറിപ്പറ്റുക എന്നതാണ് അതേപോലൊരു കഥയാണ് ഇതും. ഒരു നാട്ടിൽ ആദിത്യൻ എന്ന് പേരുള്ള ഒരു പൊതുപ്രവർത്തകൻ ഉണ്ടായിരുന്നു .ആദ്യം തന്റെ നാട്ടിൽ എന്തൊരുപ്രശ്നം ഉണ്ടായാലും അയാൾ ഓടിയെത്തും, എല്ലാവരോടും നല്ലസ്വഭാവം . അയാളുടെ എളിമ കണ്ട്നാട്ടുകാർ എല്ലാം കുടി അയാളെ ഒരു സ്ഥാനാത്ഥിയാക്കി അയാളെ വൻ ഭൂരിപക്ഷത്തോടെ ജയിപ്പിച്ചു . ജയിച് ഒരുമാസം അദ്ദേഹം ആദ്യത്തെപോലെ തന്നെ ആയിരുന്നു .പിന്നെ പിന്നെ അദ്ദേഹത്തിന്റെ സ്വഭാവം മാറാൻ തുടങ്ങി താൻ ആരുമായിട്ടാണ് പണ്ട് നടന്നത് അവരെയല്ലാം മറന്നു . പുതിയ ഉയരങ്ങളിലേക്കുമാറാൻതുടങ്ങി .എങ്ങനെയും പണം ഉണ്ടാക്കണം എന്ന ചിന്ത മാത്രമായി പിന്നെ ആദിത്യന്റെ മനസ്സിൽ .താൻ ജീവിക്കുന്ന സ്ഥലത്തെ മണ്ണിൽ ഇല്മനൈറ്, മോണോസൈറ്റ് എന്നീ ധാതുക്കൾ ഉണ്ടെന്ന കാര്യം ആദിത്യന് അറിയാമായിരുന്നു . അത് വിദേശകമ്പനികൾക്കു പറഞ്ഞുകൊടുത്താൽ നല്ലപണംകിട്ടും . അയാൾ ഒരു ഫോറിന് കമ്പനിയുമായി ഒത്തുകളിച്ചു . അയാൾ തന്റെ നാടിനെ ഒത്തു കൊടുത്തു . അവിടുന്ന് മണ്ണ് എടുക്കണമെങ്കിൽ നാട്ടുകാരെ ഒഴിപ്പിക്കണം അത് ആദിത്യൻ നോക്കണം .ആദിത്യൻ ശരിയെന്നു പറഞ്ഞു . ഇതിനെല്ലാത്തിനും വേണ്ടി ജീവിതകാലമുഴുവനുംകഴിയാനുള്ള പണം തരണം എന്നുപറഞ്ഞു .അത് അവർ സമ്മതിച്ചു . ആദിത്യൻ അവരോടുപറഞ്ഞു നിങ്ങൾ ഓരോ വീട്ടിലും ചെന്നുപറ ഈ മണ്ണ് ക്യാൻസറാണ് നിങ്ങൾ വീട്ടിൽ നിന്ന് മാറിനിന്നാൽ ഈ മണ്ണിൽ നിന്ന് അത് മാറ്റിത്തരാം . കമ്പനിക്കാർ പറഞ്ഞപ്പോൾ ആരും വിശ്വസിച്ചില്ല . പക്ഷെ ആദിത്യൻ പറഞ്ഞപ്പോൾ നാട്ടുകാർ വിശ്വസിച്ചു . ആദിത്യൻ തന്റെ വീടും കമ്പനിക്കുകൊടുത്തു . കമ്പനി ചതിക്കുകയാണെന്ന കാര്യം നാട്ടുകാർ മനസ്സിലാക്കി .ആദിത്യനെയും അവർ ചതിച്ചു . ആദിത്യൻ പണം ചോദിച്ചപ്പോൾ അവർ പറഞ്ഞു നീ ഇല്ലായിരുന്നെങ്കിലും ഞങ്ങൾ വീട്ടുകാരെ ഒഴിയ്പ്പിക്കുമായിരുന്നു നീ ഉള്ളതുകൊണ്ടു കാര്യം എളുപ്പമായി കഴിഞ്ഞു . എന്നുപറഞ്ഞു ആദിത്യനേ ഇറക്കിവിട്ടു . അവർ ചതിക്കുവാണ് എന്ന കാര്യം നാട്ടുകാർ ആദിത്യനോടുപറഞ്ഞു അപ്പോൾ ആദിത്യൻ പറഞ്ഞു ഇനീനിങ്ങൾ വേറെ വല്ലടുത്തും പോയിതാമസിക്കു കിട്ടുന്നപണം കൊണ്ട് അല്ലെങ്കിൽ ഈ പണവും കിട്ടുകയില്ല അന്ന് പറഞ്ഞു അപ്പോൾ നാട്ടുകാർ ദുഖിച്ചു അവിടെ നിന്ന് പോയി അപ്പോളവർ ക്ക്ഒരുകാര്യം മനസ്സിലായി കമ്പനി അല്ല അവരെ ചതിച്ചത് ആദിത്യനാണ് പക്ഷെ ആദിത്യനെയും കമ്പനി ചതിച്ചു

# ചാറ്റിംഗ്

അവർ എന്താണ് ചെയ്യുന്നത് ?
ചാറ്റുകയാണ്
താറ്റുന്നു, ചാറ്റൽ എന്നൊക്കെകേട്ടിട്ടുണ്ട്
ഇത് എന്താണ് ?
അവൾ ഫോണിൽ കുത്തുകയാണ്
ഒ.കെ ആരോടാണ് ?
ഫ്രണ്ടിനൊടോ റിലേറ്റിവിനോടോ
ഹസിനോടോ,ആർക്കറിയാം ...
അതുകൊണ്ടെന്തു കിട്ടും ?
തല്ക്കാലസുഖം
ഇന്ന് അതിനാണ് ഡിമാന്റ്
കാതും പോകും സുഖവും കിട്ടും
എന്താണാ വരുന്നത് !
ആംബുലൻസ്
എന്താണതിൽ ?
ശവം
ആരുടെ? ചാറ്റിയവളുടെ
എന്തുപറ്റി ?
ചാറ്റലിന്റെ അവസാനം
ലോഡ്ജിൽ ഒടുങ്ങി

**പി.രാധാമണി** (teacher)

# മഹാപ്രളയം

**ദേവിപ്രിയ.എസ് 5B**

അല്ലയോ മഹാപ്രളയമേ

നീ ഞങ്ങളുടെ കേരളത്തെ നശിപ്പിച്ചു

എത്ര ജനങ്ങൾ നീ കാരണം കണ്ണുനീർവാർത്തു

ആടുകളും മാടുകളും ഒഴുകിപോയി

മനുഷ്യൻ കാരണം ഉണ്ടായ നീ

മനുഷ്യനെത്തന്നെ തിരിച്ചടിച്ചു

നീ എത്ര ജീവനെ കവർന്നു തിന്നു

ഇന്നും തീരാ ദുഃഖത്തിൽ എത്രപേർ

എത്രമനുഷ്യരെ നീ അനാഥരാക്കി

അല്ലയോ മഹാപ്രളയമേ നീ

കേരളത്തെ ദുഃഖക്കടലിലാക്കി

നീ വിധിച്ച ശിക്ഷയിൽ

രക്ഷാപ്രവർത്തനത്തിന്എത്തി കടലിന്റെമക്കൾ

അല്ലയോ മഹാപ്രളയമെ

നിന്റെ അന്ത്യം ഞങ്ങൾ ഇതാ കുറിക്കുന്നു

****************************************

# അസഹിഷ്ണുത

P.RADHAMANI (TEACHER)

ഞാൻ വീട്ടിലെത്തിയപ്പോൾ
മകൾ പുസ്തകം തുറന്നു ഇങ്ങനെ വായിക്കുന്നു
ഉത്തരാധുനികതയിൽ എല്ലാം തല തിരിയുന്നു
പൂവനെ പിട ഒതുക്കുന്നു
അത്യന്താധുനികത ഒരു ശൈലിയായി മാറുന്നു.
പ്രാചീന ശിലായുഗവും നവീനശിലായുഗവും തമ്മിലുരസി തീപാറുന്നു.
ആഗോളവത്കരണം കമ്പോളവത്കരണത്തെ പിടിച്ചുലക്കുന്നു
സാമ്പത്തികമാന്ദ്യം വൻകിട രാജ്യങ്ങളെ നിരാശരാക്കുന്നു.
ബഡ്ജറ്റ് മിച്ചവും കമ്മിയുമായി ബാലൻസ് ചെയ്യുന്നു
കുട്ടികൾ ഇന്റർനെറ്റ് കഫെയിൽ കയറിയിറങ്ങുന്നു
ഫേസ്ബുക്കും വാട്സ്ആപ്പും അവരെ മാടിവിളിക്കുന്നു .
യന്ത്രമനുഷ്യൻ ലോകം കീഴടക്കുന്നു
പകൽക്കൊള്ളയും ഗുണ്ടായിസവും നാട്ടുവാഴുന്നു
ബോംബും ചാവേറും എല്ലാം നശിപ്പിക്കുന്നു
എവിടെയും ഏറ്റക്കുറച്ചിലുകൾ
അസഹിഷ്ണുതയുടെ നിഴലാട്ടം കലശലാവുന്നു
ഹർത്താലുകൊണ്ടു ജനം പൊറുതിമുട്ടുന്നു
നാളെ ഇനി എന്താണാവോ !

ഞാൻ ഇൻറർനെറ്റിൽ ഒന്ന് സെർച്ച് ചെയ്യട്ടെ !



# ലിറ്റിൽ കൈറ്റ്സ്

***VASUDEV.S***
***IX:B***

പേര് കേൾക്കുമ്പോൾ തന്നെ ഉള്ള ആ ഒരു കൗതുകം ആയിരുന്നു എട്ടാം ക്ലാസ് അവസാനിക്കാൻ ദിവസങ്ങൾ മാത്രം ശേഷിക്കവേ ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷ എഴുതാൻ എന്നെയും എന്റെ കൂട്ടുകാരെയും പ്രേരിപ്പിച്ചത് എന്ന് പറഞ്ഞാൽ ഒരു പരിധി വരെ ശരിയാണ് . ആ വർഷം തന്നെ കുട്ടിക്കൂട്ടം എന്ന പേരിൽ അവധിക്കാല ഐ ടി പരിശീലനവും ക്യാമ്പും അറ്റൻഡ് ചെയ്ത പരിചയവും ഉണ്ടായിരുന്നു. അഭിരുചിപരീക്ഷക്കു ശേഷം ലിറ്റിൽ കൈറ്റ്സ് നെ പറ്റി കുറച്ചൊക്കെ വായിച്ചും കേട്ടും മനസ്സിലാക്കി. മുൻവർഷം കുട്ടിക്കൂട്ടം എന്ന് പേരുണ്ടായിരുന്ന ആ ഐ ടി കൂട്ടായ്മ ഇനിമുതൽ ലിറ്റിൽ കൈറ്റ്സ് എന്ന് അറിയപ്പെടും എന്നും ഐ ടി @ സ്കൂൾ എന്ന് ഞങ്ങൾക്ക് ഏറെ പരിചിതമായ മറ്റൊരു പേര് ഇനിമുതൽ കൈറ്റ് (Kerala Infrastructure and Technology for Education) എന്നും പുനർനാമകരണം ചെയ്യപ്പെടുകയും ഉണ്ടായി .

കൈറ്റിന്റെ ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം സ്കൂളിന് ഒമ്പതോളം ലാപ്ടോപ്പുകൾ , രണ്ടു ഹൈടെക്ക് ക്ലാസ് മുറികൾ ഡിജിറ്റൽ കാമറ വെബ് കാമറ എൽ ഇ ഡി ടെലിവിഷൻ സൗണ്ട് സിസ്റ്റം തുടങ്ങിയ സാങ്കേതിക സൗകര്യങ്ങൾ ലഭ്യമായി എല്ലാ ബുധനാഴ്ചകളിലും വൈകുന്നേരം ഉള്ള ക്ലാസ്സുകളും സബ്ജില്ലാ തലത്തിൽ നടത്തിയ ക്യാമ്പുകളും സ്കൂൾ ലെവൽ ക്യാമ്പുകളും ട്രെയിനിങ് ഉൾപ്പെടെ ലിറ്റിൽ കൈറ്റ്സ് തീർത്തും ഒരു പുതു അനുഭവം തന്നെ ആയിരുന്നു.

ജൂലൈ മാസം ആരംഭിച്ച അനിമേഷൻ പഠനം മുതൽ ആൻഡ്രോയിഡ് അപ്ലിക്കേഷൻ തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന പാഠങ്ങൾ ഇന്ന് ഞങ്ങൾ പഠിച്ചു കഴിഞ്ഞു. ക്ലാസ് റൂം ഹൈടെക് ആക്കിയത് വഴി പാഠഭാഗങ്ങൾ കൂടുതൽ ആസ്വാദ്യകരവും ലളിതവുമായി പഠിച്ചെടുക്കാൻ നല്ലൊരു പങ്ക് വഹിക്കുന്നു. ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും മാത്രം ഒതുങ്ങി നില്ക്കാതെ പൊതുജനങ്ങളുടെ ഇടയിലേക്കും ലിറ്റിൽ കൈറ്റ്സ് അതിന്റെ സേവനങ്ങളുമായി ഇറങ്ങിത്തിരിക്കുവാനുള്ള തയ്യാറെടുപ്പിലാണ്. പ്രതീക്ഷകൾ ഏറെ ആണ്. വിദ്യാർത്ഥികളുടെ ഏറ്റവും വലിയ ഐ ടി കൂട്ടായ്മയിൽ അംഗമാകുവാൻ കഴിഞ്ഞതിൽ ഏറെ അഭിമാനിക്കുകയും ചെയ്യുന്നു .



ASHIK.U 9 B

# ഖനനമുഖത്ത്

# ആലപ്പാടിന്റെ മക്കൾ

തന്റെ ജന്മനാട് തിരിച്ചുപിടിക്കാനുള്ള തീരുമാനത്തിലാണ് ആലപ്പാടിന്റെ മക്കൾ. തന്റെ നാട് യന്ത്രക്കൈകൾ കവർന്നെടുക്കുന്നത് കാണാൻ സാധിക്കാതെ ഓരോരുത്തരും തന്റെ വീടും നാടും വിട്ടു പോകുന്നു.എന്റെ ഉറ്റസുഹൃത്തുക്കൾ പോലും എന്നെ മറന്ന്കൊണ്ടിരിക്കുന്നു .എന്റെ അച്ഛനപ്പൂപ്പന്മാർ ജനിച്ചു വളർന്ന ഈ മണ്ണിൽ തന്നെ എനിക്കും ജീവിക്കണം എന്നതുകൊണ്ട് ഞാൻ എന്റെ മുഴുവൻ ശക്തിയുമെടുത് IRE ക്ക് എതിരെ പൊരുതും. 4 മാസം മുൻപു ഒരു വലിയ ദുരന്തം നമ്മുടെ കേരളത്തിനെ കവർന്നപ്പോൾ ആലപ്പാടിന്റെ സൈന്യം മാത്രമേ ഉണ്ടായിരുന്നുള്ളു കേരളത്തിനെ രക്ഷിക്കാൻ ഇന്ന് അവർ ചവിട്ടിനിൽക്കാൻ ഒരുപിടിമണ്ണിനു വേണ്ടി പോരാടുകയാണ് അതിന് എല്ലാ നാട്ടുകാരുടെ സഹകരണം ഞങ്ങൾ തേടുന്നു .....

# SAVE ALAPPAD

#STOP MINING

#SAVE KERALA

# എങ്ങുപോയി ?



ശ്രേദ എസ് ലാൽ
**7B**

**ജാലകം  തുറക്കും നേരമെന്നുമെന്നെ നോക്കും**
**കാവതിക്കാക്കയിതെങ്ങുപോയി ?**

**മുറ്റത്തെ തുളസിത്തറയിലെന്നും**
**അമ്മവെക്കും വിളക്കിതെങ്ങുപോയി?**

**മുറ്റത്തെ മാവിൻചോട്ടിലെന്നും**
**വീഴാറുള്ളൊരാ മാമ്പഴമെങ്ങുപോയി ?**

**നീലച്ച കുന്നിൻ താഴ്‌വരയിൽ**
**മേയാറുള്ളൊരാ  ആട്ടിൻപറ്റമിതെങ്ങുപോയി?**

**എന്നും മുറിയിലൂർന്നിറങ്ങും**
**നറു മുല്ലപ്പൂമണം ഇന്നെങ്ങുപോയി ?**

# ചിരിക്കുന്ന പൂക്കൾ.



ശ്രേദ എസ് ലാൽ
**7B**

ചിരിക്കുന്നു പൂക്കൾ
പൂന്തേൻ നുകരുന്നു പൂമ്പാറ്റകൾ
അലയുന്നു വർഷമേഘം
ഉദിക്കുന്നു സൂര്യൻ

നനയുന്ന ചെടികളിൽ
സുന്ദരികളാകും പൂക്കൾ
നിറങ്ങൾപോലും മനസ്സിൽ
കുളിർമയേകുന്നു പൂക്കൾ

ഹാ ചിരിക്കുന്ന പൂവേ
തരികില്ലേ ഇത്തിരി ശോഭ
എത്രയോ ചിരിക്കുന്ന പൂക്കൾ
ഉണ്ടായിരുന്നു മലയാളമണ്ണിൽ .

# മനുഷ്യത്വം പകർന്നു ജീവിക്കട്ടെ..

നമുക്ക് എല്ലാവർക്കുംസുപരിചിതമാണല്ലോ കാടിന്റെ മകനായ മധു എന്ന യുവാവിനെ . ഒരു നേരത്തെ വിശപ്പ് അകറ്റുന്നതിനായി അല്പം ഭക്ഷണം മോഷ്ടിച്ചെന്ന പേരിൽ തെരുവുപട്ടിക്ക് സമാനമായിക്കണ്ടു ആ പാവം മനുഷ്യനെ മാംസപിണ്ഡത്തിന്റെ അവസ്ഥയിലാക്കി , എന്താണിത് ? എത്രമാത്രം ഭക്ഷണമാണ് നാം ഓരോരുത്തരും നിത്യേന പാഴാക്കിക്കളയുന്നത് . പരിഷ്കാരത്തിന്റെ ഉച്ചസൂര്യൻ തലക്കുമീതെ ഉദിച്ചുനിൽക്കുമ്പോഴും നമ്മുടെ സമൂഹം അന്ധകാരത്തിലേക്ക് ആഴ്ന്നുകൊണ്ടിരിക്കുകയാണ്. എന്താണ് ജനങ്ങൾ ചിന്തിക്കുന്നത് ? ഭക്ഷണം എടുത്തപേരിൽ ആ യുവാവിന് ശിക്ഷനൽകാൻ നിയമം കയ്യിലെടുക്കൻമാത്രം അവർ എങ്ങനെ ധൈര്യം കാട്ടി ? അവർ സ്വയം നിയമപാലകർ ആകുകയായിരുന്നോ? അങ്ങനെ എങ്കിൽ പിന്നെ എന്തിനാണ് നിയമവും കോടതിയയും പോലീസുമൊക്കെ. ആ സാധു മനുഷ്യന്റെ അമ്മയുടെയും സഹോദരങ്ങളുടെയും കണ്ണുനീരിനു പകരമായി അവർക്ക് എന്ത് നൽകി ആശ്വസിപ്പിക്കാൻ സാധിക്കും. ആ മകന്റെ കുറവ് നികത്തുവാൻ അവരെക്കൊണ്ടു സാധിക്കുമോ? പണത്തിനു പുറകെനടന്നു കണ്ണ് മഞ്ഞളിച്ചു പോയ , സ്വാർത്ഥമതിയായ മനുഷ്യന്റെ മനസ്സും ചെയ്തികളുമാണ് മധുവിന്റെ മരണത്തിനു കാരണം .മാറേണ്ടത് നമ്മൾ അല്ല മറിച്ചു നമ്മുടെ കാഴ്ചപ്പാടാണ്. കണ്ണുള്ളവർ കാണട്ടെ , കാതുള്ളവർ കേൾക്കട്ടെ നാവുള്ളവർ പറയട്ടെ മധു എന്ന കാടിന്റെ മകന്റെ കഥ.



*ശ്രദ്ധ എസ് ലാൽ*

***10 A***

# മഴയും ഞാനും



**GADHA.S IX B**

ഏതോ സ്വപ്നം വിടരുംപോലെ
എൻ മനം തുടിച്ചു
പൂവിരിയുംപോലെ എന്നിൽ
മന്ദഹാസം വിടർന്നു.

ആകാശ നീലിമ താണ്ടി-
വരുമോരാ മഴയെ ഞാൻ
കിനാവ് കണ്ടു.
പെട്ടെന്നൊരുനാൾ കൂട്ടമായി വന്നു
കിനാക്കളെൻ , മനം കുളിർപ്പാൻ.

ഒരു മഴ തുള്ളിയുടെ നനുത്ത സ്പർശം
മനോഹാരിയാക്കുന്നു പ്രകൃതി നിന്നെ
ഒരുതുള്ളി എന്മേൽ ഇറ്റു വീഴും നേരം
പുണരുന്നു നീയെന്നെ മൃദുലമായി .

*************************************

# തണൽ മറഞ്ഞുവോ ?



***SANDRA SAM***
***IX:B***

തണൽ എന്നൊന്ന് അന്യമാകുമോ ?
കത്തിജ്വലിക്കുന്ന സൂര്യനാൽ
മരങ്ങൾ ഉണങ്ങിനശിക്കവെ
മറവിയിലാണ്ടിടുമോ  തണൽ എന്ന വാക്കും

മാറ്റിവക്കുവാനായി ഇനിയൊരു
തണൽ അവശേഷിപ്പിക്കുമോ
മനുഷ്യന്റെ ചെയ്തികൾ
മനുഷ്യന്റെ ക്രൂരതകൾ

ആളിക്കത്തും അർക്കനിൽ ആഴ്ന്നിറങ്ങിയോ
അതോ മൃത്യു പുല്കിയോ തണലേ നീ

ഒരു വേള തണൽ തേടും ഒരു തലമുറ
തണൽ തേടി അലഞ്ഞൊട്ടുവിൽ
തിരിഞ്ഞൊന്നു നോക്കി ശപിച്ചിട്ടും,

നാം അവരോട് ചെയ്ത ക്രൂരതക്ക്.

# അലയുന്ന ഞാൻ



**DEVANANDA.R**
**10 B**

അലയുന്ന ഞാൻ നിന്റെ
കാരങ്ങളാവും തണൽ തേടി
അലയുന്ന ഞാൻ നിന്റെ
മധുരമാം കനി തേടി.
അലയുന്ന ഞാൻ തേടി നിന്നെ
എങ്ങു  പോയി നീയെൻ
കൺമുന്നിൽ നിന്നും
എൻ തണലായിരുന്നു നീ
എന്നമ്മയായിരുന്നു നീ
എൻ കളിത്തോഴി ആയിരുന്നു
നീ ഇന്നെങ്ങുപോയി
തേടുന്നു ഞാൻ അലയുന്നു ഞാൻ
നിന്ന് നിഴൽ തേടി കേഴുന്നു ഞാൻ
എന്നെയും വേർപിരിഞ്ഞെങ്ങുപോയി നീ
തണൽ തേടി പോകുന്നു ഞാൻ
അലയുന്നു ഞാൻ .

# പെരുമഴക്കാലം



SILPA.S.LAL
X:B

മഴക്കാലം എത്തിക്കഴിഞ്ഞാൽ
മനസ്സിനുള്ളിൽ തിടുക്കമാണീ
മഴയിൽ കുളിയ്ക്കാൻ .
പെരുമഴക്കാലം മനസ്സിനുള്ളിൽ
ഏറെ സന്തോഷം നിറച്ചു തരുന്നുവല്ലോ

ജാലകപ്പാളി തുറന്നെത്തി നോക്കവേ
കറുത്തിരുണ്ടും തണുത്തുറഞ്ഞും
പെയ്യാൻ വെമ്പിടും മേഘശകലങ്ങൾ
ഹിമകണംപോൽ ഇറ്റുവീണിടും മണ്ണിലേക്കായി

പായാരം ചൊല്ലിക്കടന്നു പോകും പക്ഷികൾ
ചേക്കേറിടും തങ്ങൾതൻ കൂടുകളിൽ
പെയ്തിറങ്ങുന്ന മഴത്തുള്ളികളൊന്നാകെ
മണ്ണിന് നനുത്ത ഗന്ധം പരത്തി

# സ്വപ്നം പെയ്യിക്കാൻ വന്ന



*SREERAJ.R .*
*X B*

പകൽ സ്വപ്നം ഒഴുകി വന്നു
അതിൽ ഒഴുകിയറിയാതൊരു
നല്ല കിനാവ് കണ്ടു .
മഴയെന്നെ മുത്തമിട്ടു

ഇരുണ്ടൊരാഴിയായി നീലവാനം
ഇളംകാറ്റ് മൂളും പാട്ട് നിർത്തി
എന്തോ മിണ്ടിയിലെന്നോടു പിന്നെ

ചിരിച്ചു നിന്ന വിണ്ണിലെ  സ്വർണ്ണം
കറുത്ത കടലിലെങ്ങോ കളഞ്ഞുപോയി
ഇരുൾ മൂടി പുതച്ചു ഭൂമിയും
മൂകമാം രാത്രി തൻ വിരഹവും
പക്ഷെ ഒരു നല്ല മഴയ്ക്ക് മുൻപേ
സ്വപ്നമെവിടെക്കോ മാഞ്ഞുപോയി



**ANASWARA S -10 B**

# വർണ്ണ സുരഭിയാം എന്റെ ഗ്രാമം.

പൂത്തുനിൽക്കും പൂമരങ്ങളും
കാറ്റിലാടും വരിനെല്ലിൻ കതിരുകളും
വെണ്മയേഴും ചിത്രംപോൽ
സ്വർഗീയമെൻ കൊച്ചു ഗ്രാമം

ചൂളമടിച്ചു പറന്നുപോകും
കുളിർ ചായ്ക്കും കാറ്റും
തണൽവിരിച്ചു കനി നിറച്ചു
നില്കും മാന്തോപ്പുകളും

മൂളിപ്പാട്ടും പാടി തേൻ
നുകരാനെത്തും വണ്ടുകളും
കഥ പറയാനെത്തും കിളികളും

എന്തെന്നില്ലാത്ത സുഖം പകരാൻ
ഒഴുകിയെത്തും നദികളും
എല്ലാം ഒത്തുചേർന്നീടും
വർണ്ണ സുരഭിയാം എന്റെ ഗ്രാമം

* * * * * * * * * * * * * * * * * * * * * *

# വെണ്മയേഴും പൂനിലാവെ.



**APARNA ANU**
***IX:B***

അന്തിവെയിൽ മാഞ്ഞ സന്ധ്യക്ക്
പിന്നാലെ ഉദിച്ചുയർന്ന വെണ്ണിലാവേ
എൻമനം തുടിക്കുന്നു നിൻ
വെണ്മയിൽ മുങ്ങുവാൻ

ദിവ്യമാം ദിവാസ്വപ്നങ്ങൾ
അലിയുന്നു നിന്റെ മാറിടത്തിൽ
നിന്നോമൽ സ്പര്ശനത്തിനായി
തുടിക്കുന്നിതൊരു ജീവനും

വെണ്ണിലാവിൽ അലിയുന്നിതാ ഞാനും
ഒരുപിടി മലരുകളാകും സ്വപ്നങ്ങളും
മിന്നുന്ന മരതക താരകൾക്കിടയിൽ
വിളങ്ങുന്നു നീയൊരു ദേവകന്യകപോൽ

നിലാക്കുമ്പിൾ തുളുബിവീഴും
നിലാവിൻ വെണ്മയിൽ അലയും
ഓരോരോ ജീവനും നിൻ
ഹൃദയതാളങ്ങൾ തേടിത്തേടി

രാവിന്റെ മടിത്തട്ടിലേക്ക് നീ
എത്തുന്നതിനു മുൻപേ
നിൻ വെണ്മയെ പുൽകുവാൻ
ഞാൻ കൊതിക്കുന്നു.

അന്തിക്ക് മാനത്തുചിമ്മുന്ന താരകൾ
നിൻ മനോജ്ഞമാം പുടവക്ക്
മുത്തുകോർക്കുന്നതും അതിന്റെ
പൊൻ നാരായി മാറുന്നതും ഞാനറിയുന്നു

നിലാവേ നിലാവേ ,നീയാണ് സത്യവും
മിഥ്യയും ജീവനും നീ തന്നെ
പൊന്നുഷസ്സിൻ ഹൃദയത്തുടിപ്പും നീ
പുതുജീവന്റെ നാഡീ സ്പർശമായി നീ

മറക്കില്ല നിൻ മനോജ്ഞമാം വെണ്മയെ
മറക്കില്ല നിൻ നിഷ്കളങ്കതയെ
പിറക്കും ഞാൻ വീണ്ടും
നിന്നിൽ അലിയാൻ

# പ്രകൃതിഭംഗി

**മന്ദം മന്ദം പാടുന്ന പുഴയും**
**മലകൾക്കിടയിൽ**
**ഉദിക്കുന്ന സൂര്യനും**
**കുയിലുകളുടെ ക്രൂ ക്രൂ ഗാനവും**
**തേൻതുള്ളിപോലുള്ള**
**തൂമഞ്ഞിൻ കണവും**
**തേനൂറും പഴങ്ങളും**
**പൂക്കളുടെ പവിഴച്ചുണ്ടിൽ**
**പൂമ്പാറ്റയുടെ പവിഴ ചുംബനം .**

**REVATHI. V B**

# മാതാപിതാക്കൾ എന്റെ ദൈവം

എന്നെ മോചിപ്പിച്ചത് എന്റെ അമ്മയാണ്

ഈ ലോകത്തെ ആദ്യമായി കാട്ടിത്തന്നത്  എന്റെ അമ്മയാണ്.

അതിനുശേഷം  ലോകമാകുന്ന വീട്ടിലേക്ക് അച്ഛൻ എന്നെ ഇറക്കിവിട്ടു.

ഇവർ രണ്ടുപേരും എന്നെ ലോകത്തിലെ എല്ലാ കാര്യങ്ങളും പറഞ്ഞുതന്നു

എന്റെ പിഞ്ചു മനസ്സിലേക്ക് ലോകത്തെ തുറന്നുവെച്ചു തന്നവർ,

എന്റെ മാതാപിതാക്കൾ.

ആ മനസ്സിൽ തെളിഞ്ഞു ഇവരാണ് എന്റെ ദൈവങ്ങൾ.

ഇന്നുവരെയും ഇവരുടെ സ്ഥാനം എന്റെ ഹൃദയത്തിൽ നിന്ന് മാഞ്ഞിട്ടില്ല

ഇവർ തന്നെയാണ് എന്റെ ദൈവം



ആർഷ സുനിൽ 9B



# ദേശാടനപ്പക്ഷി

**ആർദ്രാ രമണൻ 9B**

ഒരുപറ്റം ദേശാടനപ്പക്ഷികൾ ആകാശത്തിൽ ഉയർന്നു പറന്നുകൊണ്ടിരുന്നു. തണുപ്പ് കൂടിയ പ്രദേശത്തു നിന്ന് ചൂടുള്ള പ്രദേശത്തേക്ക് പോകുകയായിരുന്നു അവ . പകൽ മുഴുവൻ ഇടവേളയില്ലാതെ കടലിനുമീതെ ആയിരുന്നു അവ പറന്നിരുന്നത് . അതിനാൽ തന്നെ തെല്ലും വിശ്രമം ലഭിച്ചിരുന്നില്ല .പൂർണ്ണ ചന്ദ്രൻ ഉദിച്ചുനിൽക്കുന്നതും താഴെ അനന്തമായ കടൽ പറന്നുകിടക്കുന്നതും അവർ കണ്ടു. എല്ലാ പക്ഷികളും തളർന്നു കുഴഞ്ഞിരുന്നു. എന്നിട്ടും ചിറകുകൾ മെല്ലെ മെല്ലെ വീശി അവ മുന്നോട്ടു പോയിക്കൊണ്ടിരുന്നു .കരുത്തുള്ള മുതിർന്ന ദേശാടനപ്പക്ഷികൾ പറ്റത്തിന്റെ മുൻ നിരയിലും അവയുടെ പിന്നിലായി പ്രായം കുറഞ്ഞവയും ക്ഷീണിതരുമായ പക്ഷികളും പറന്നു . പറ്റത്തിന്റെ ഏറ്റവും പുറകിലായി വളരെ പ്രായം കുറഞ്ഞ ഒരു ദേശാടനപ്പക്ഷി പരന്നിരുന്നു.അവന്റെ ഊർജമെല്ലാം നഷ്ടപ്പെട്ടു ചിറകുകൾ വീശിയെങ്കിലും അവനു ഒട്ടും മുന്നോട്ടു നീങ്ങുവാൻ സാധിച്ചിരുന്നില്ല . അവൻ ചിറകൊതുക്കി മെല്ലെ മെല്ലെ വെള്ളത്തിലേക്കു ഊർന്നിറങ്ങി .മറ്റ് ദേശാടനപ്പക്ഷികൾ അകലെ നിലാവ് പരന്ന ആകാശത്തിലെങ്ങോ മാഞ്ഞുപോയിരുന്നു ആ കൊച്ചു ദേശാടനപ്പക്ഷി വെള്ളത്തിൽ വീണു ഒരു വിധം തീരം അണഞ്ഞു .അവൻ ചിറകുകൾ മടക്കി. ചുറ്റിലും കടലിന്റെ മർമ്മരം അവൻറെ മെല്ലെ മെല്ലെ ആലോലമാട്ടുകയും ചെയ്തു .ദേശാടനപ്പക്ഷികൾ നിലാവ് നിറഞ്ഞ ആകാശത്തു വെറും ഒരു വെളുത്ത വര മാത്രമായി കാണപ്പെട്ടു. ആ രാത്രിയിൽ അവയുടെ ചിറകടി ശബ്ദം അവന്റെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു. അവർ പോയിക്കഴിഞ്ഞപ്പോൾ തലകൾ താഴ്ത്തി കണ്ണുകളടച്ചിരുന്നു ആ കരയിൽ അവൻ ചിറകടിക്കുകയും കൊത്തിപ്പെറുക്കിയും നടന്നു . പ്രഭാതത്തിനു അല്പം മുൻപ് വീശിയ കാറ്റിൽ കടലിൽ അലകൾ ഇളകി . അത് അവന്റെ ശരീരത്തിൽ കുളിർമ്മയുണ്ടാക്കി .ദൂരെ കിഴക്കു ദിക്കിൽ ആകാശം ചുവപ്പ് പൊട്ടുപോലെയായി . ചന്ദ്രനും താരകളും മങ്ങി മങ്ങി നില്കുന്നു . ദേശാടനപ്പക്ഷി അവൻ ചിന്തയിൽ മുഴുകി . മെല്ലെ ചിന്തയിൽ നിന്നുണർന്നു അവൻ മെല്ലെ ചിറകടിക്കാൻതുടങ്ങി. ഒറ്റപ്പെടലിന്റെ ആഴത്തിൽ നിന്നും അവൻ കൂടുതൽ ഉയരത്തിലേക്ക് പറന്നു. കടൽ വെള്ളം പോലും അവന്റെ ചിറകുനീർത്തിയുള്ള യാത്രയിൽ അത്ഭുതം പൂണ്ടു .അവൻ തന്റെ കൂട്ടുകാർ പറന്നുപോയ ടിക്ക് ലക്ഷ്യമാക്കി കൂടുതൽ ആവേശത്തിൽ പറന്നുയർന്നു .

# അമ്മ



*ASHTAMI R SUNIL*
*9A*

**അമ്മയെന്ന് കേൾക്കുമ്പോൾ**

**എൻ  മനസ്സിൽ കുളിർമ**

**പ്രിയമാണ് എൻ 'അമ്മ**

**എൻ  അമ്മ സ്നേഹമുള്ള അമ്മ**

**എന്നെ അതിരാവിലെ വന്നു എഴുന്നേല്പിക്കും**

**നല്ല നല്ല പലഹാരം തരും**

**പ്രിയമാണ് എന്നമ്മ**

**എന്റെ അമ്മയെ ഒരുനിമിഷം കാണാതായാൽ**

**ഞാൻ പരിഭ്രാന്തയാകും**

**എന്നമ്മയുടെ സ്നേഹംവലുതാണു**

**എന്റെ അമ്മയാണ് എനിക്ക് സ്നേഹം പകർന്നു തരുന്നത്**

**പ്രിയം ആണ്എന്നമ്മ**

**ഞാൻ പള്ളിക്കൂടത്തിൽ നിന്നുവരുന്നതു കാത്തിരിക്കും അമ്മ**

**വരുമ്പോൾ മുഖത്തു  വളരെ ആനന്ദം നിറയും**

**എന്റെ സുഹൃത്താണ് എന്റെ 'അമ്മ**

ASHTAMI R SUNIL



# എന്റെ താരം



VASSUDEV.S IX B

യുവമനസുകളുടെ ഹൃദയം കിഴടക്കിയ അഭിനയപ്രതിഭ ഡോക്ടർ ദളപതി വിജയ് .യുവമനസുകളിലെ ആരാധന കഥാപാത്രമാണ് വിജയ് .സിനിമ ലോകത്തു മാത്രമല്ല സ്വന്തം ജീവിതത്തിലും വ്യക്തിമുദ്ര പതിപ്പിച്ച അഭിനയപ്രതിഭ കൂടെയാണ് അദ്ദേഹം. സിനിമാലോകത്ത് എത്തിച്ചേരുന്നതിനു മുൻപെ അദ്ദേഹം കാരുണ്യ പ്രവർത്തനത്തിൽ സജീവമായിരുന്നു .

ഇരുപതു വർഷത്തെ കഠിനപ്രയത്നംകൊണ്ട് ലോകമെമ്പാടും തീർത്ത വ്യക്തിയാണ് വിജയ് . തന്റെ ജീവിതം തമിഴ് സിനിമയ്ക്കുവേണ്ടി ഉഴിഞ്ഞു വെച്ചിരിക്കുന്ന അഭിനയ പ്രതിഭയാണ് ദളപതി വിജയ്. തന്നെക്കാൾ ഒരാൾ സിനിമയെ സ്നേഹിക്കുന്നുണ്ടെങ്കിൽ അത് വിജയ് മാത്രമായിരിക്കുംഅതാണ് ഞാൻ സ്നേഹിക്കുന്ന ആരാധിക്കുന്ന എന്റെ താരം DR . THALAPATHY VIJAY

# അധ്വാനിക്കുന്ന മക്കൾ.

- ARJUN SUNIL 8A -

ഒരു ധനികന് രണ്ട് മക്കളുണ്ടായിരുന്നു. ധനികനാണെങ്കിലും അദ്ദേഹം എന്ത് ജോലിയും അഭിമാനത്തോടെ ചെയ്തു വന്നു. മക്കളെയും തൊഴിലിന്റെ മഹത്വം അദ്ദേഹം പറഞ്ഞുമനസ്സിലാക്കി. വലിയ ദാനശീലനായതുകൊണ്ട് അദ്ദേഹം ഉള്ളതെല്ലാം പാവങ്ങൾക്ക് കൊടുത്തു ദരിദ്രനായിപ്പോയി

അങ്ങനെയിരിക്കെ അദ്ദേഹം പണിയെടുത്തു കൊണ്ടിരിക്കുമ്പോൾ ഒരു ദിവസം വീണ് നട്ടെല്ലൊടിഞ്ഞു കിടപ്പിലായി. അങ്ങനെ കിടക്കുന്ന അദ്ദേഹത്തിന് ഒരു ദിവസം പള്ളിയിൽ പോകണമെന്ന് ആശയുണ്ടായി. അച്ഛൻ വണ്ടിയിൽ കയറിക്കൊള്ളൂ മക്കൾ പറഞ്ഞു. അതിനു നമുക്ക് കുതിരകളില്ലല്ലോ മക്കളെ? ഞങ്ങൾ വലിച്ചുകൊള്ളാം. മക്കൾ വണ്ടി വലിച്ചു പിതാവിനെ പള്ളിയിൽ കൊണ്ടുപോയി കൊണ്ടുവന്നു. അവരുടെ പിതൃ സ്നേഹത്തെ നാട്ടുകാർ പുകഴ്ത്തി.

വണ്ടി വലിച്ചതിനു ചിലർ അവരെ കളിയാക്കിയെങ്കിലും ഏത് തൊഴിലും മഹത്തായതാണെന്ന് അവർ പറഞ്ഞു മനസ്സിലാക്കി കൊടുത്തപ്പോൾ കളിയാക്കിയവരും ആ മക്കളെ അഭിനന്ദിക്കുകയാണുണ്ടായത്. ആ മക്കളുടെ സ്നേഹവും തൊഴിലിനോടുള്ള ബഹുമാനവും കേട്ടറിഞ്ഞ രാജാവ് അവരെ വിളിച്ചുവരുത്തി രാജധാനിയിൽ ഉദ്യോഗസ്ഥരായി നിയമിച്ചു. ഏത് പണിയും പുണ്യമാണെന്നും പിതാവിനെ ശുശ്രൂഷിക്കുന്നത് മഹാപുണ്യമാണെന്നു തെളിയിച്ച അധ്വാനശീലരായ ആ മക്കൾ ഉദ്യോഗത്തിൽ ഉയർന്നു രാജ്യത്തെ മന്ത്രിമാരായി.

# എല്ലാം വേണം.



***MEENU. 9A***

പാട്ടുവേണം പഠിപ്പു വേണം

കളി തമാശകൾവേണം

കൂട്ടുകാരോടൊത്തുചേർന്നു

കൂട്ടമൊരായിരം കൂടിടേണം

ഇണക്കംവേണം പിണക്കംവേണം

അടുത്തക്ഷണംവീണ്ടും ഒത്തുചേരണം

ചിരിയും വേണം കണ്ണുനീരും വേണം

ഈ നാളുകൾ ഇനി മടങ്ങിടില്ല

ഈ നാളും ഒരുനാളും മടങ്ങിടില്ല

പഠിപ്പനായി നാം ഒന്നാകുന്നു

അത് കഴിയുംകാലം പിരിഞ്ഞിടുന്നു

ഇതുപോലെ ജീവിതം പഠിച്ചിടാനായി

ഭുമിയിൽവന്നു നാം

അതുകഴിഞ്ഞാൽ പിരിഞ്ഞുപോകും

അതുവരെ പ്രിയമോടെ കഴിയാൻ

ആയാൽ അതു ജന്മസാഫല്യം

# ചന്തമുള്ളോൻ !



*MEENU. 9 A*

കാണുന്നതെല്ലാം എന്തുചന്തം

കേൾക്കുന്നതെല്ലാം എന്തുചന്തം

സ്ക്രൂളിൽപോകുമ്പോൾ എന്തുചന്തം

പാഠം പഠിക്കുമ്പോഴെ ന്തു ചന്തം

മാഷും ടീച്ചർമാരും ക്രൂട്ടുകാരുംചേർന്നു

ക്ലാസ്സിൽ കഴിയുന്നത് എന്തുചന്തം

ഇത്ര ചന്തമുള്ള ജ്ജീവിതം തന്നാരോ

സർവേശ്വരൻ എത്ര ചന്തമുള്ളോൻ!

* * * * * * * * * * * * * * * * * * * * *



- **ADITHYAN.N 9B**

# ഞാൻ സ്നേഹിക്കുന്ന ഫുട്ബോൾ താരം.



ഞാൻ സ്നേഹിക്കുന്ന ഫുട്ബോൾ താരമാണ് പോർച്ചുഗലിൽ കൊടും ദാരിദ്ര്യത്തിൽ ജനിച്ച **ക്രിസ്റ്റ്യാനോ റൊണാൾഡോ ഡോസ് സാന്റോ അവ്യൂറോ** (CR7) അദ്ദേഹത്തിന്റെ അച്ഛൻ ഒരു തോട്ടക്കാരനായിരുന്നു, അമ്മ സ്കൂളിലെ പാചകക്കാരിയും. അവർക്കു ദാരിദ്ര്യമായതിനാൽ തന്റെ അമ്മ ഗർഭപാത്രത്തിൽ വച്ച് തന്നെ ഒഴിവാക്കാൻ നോക്കി. എന്നാൽ ആ കടമ്പകളെല്ലാം കടന്ന് ഫെബ്രുവരി 5 ന് ഒരു കൊടുംകാറ്റിന്റെ ഉത്ഭവം പോലെ ആ മികച്ച കളിക്കാരൻ ജനിച്ചു. അവൻ ഫുട്ബോളിനെ വളരെ ഏറെ സ്നേഹിക്കുന്നതിനാൽ അവൻ ആദ്യം സ്കൂൾ ടീമിൽ പിന്നെ സ്വന്തം രാജ്യത്തിന് വേണ്ടി അവൻ പോർച്ചുഗൽ ടീമിൽ കളിയ്ക്കാൻ ഇറങ്ങി. അതിനിടയിലാണ് റൊണാൾഡോക്ക് ഒരു അസുഖം പിടിപെടുന്നത്. അദ്ദേഹത്തെ കാണിച്ച ഡോക്ടർ പറഞ്ഞു ഒന്നുങ്കിൽ ഫുട്ബോൾ ഉപേക്ഷിക്കണം അല്ലെങ്കിൽ ഓപ്പറേഷൻ നടക്കണം. ഫുട്ബോളിനെ ഇഷ്ടപ്പെടുന്നതിനാൽ റൊണാൾഡോ ഓപ്പറേഷന് സമ്മതിച്ചു. ഓപ്പറേഷൻ കഴിഞ്ഞു പൂർവാധികം ശക്തിയോടെയാണ് റൊണാൾഡോ കളിയ്ക്കാൻ ഇറങ്ങിയത്. ഇന്ന് ഫുട്ബോളിനെ സ്നേഹിക്കുന്ന കുട്ടികളുടെ സിരകളിലോടുന്ന ഒരു പേരാണ് **ക്രിസ്റ്റ്യാനോ റൊണാൾഡോ.**



# അമ്മ.



***NEGHATHOMAS***
***9B***

അമ്മ തൻ  മടിത്തട്ടിൽ
പിറന്നൊരുണിയായ
എന്നെ കണ്ടു അമ്മ
പുഞ്ചിരി തൂകി തൂകി

പിന്നെ ഞാൻ പിച്ച പിച്ച
നടക്കാൻ ശ്രമിച്ചപ്പോൾ
പിടിച്ചു നടത്തിക്കും
നടക്കാൻ പഠിപ്പിക്കും

ഓർക്കുന്നു ഞാനുമെൻ
അമ്മയും ചേർന്ന്
മണ്ണപ്പം ചുട്ടതും
പൊട്ടിച്ചെറിഞ്ഞതും

ഓണത്തിനെനിക്ക്
മഞ്ഞ പാട്ടുപാവാട
തയ്യ്ച്ച തരുന്നതും
അതിട്ടു ഞാൻ രസിച്ചതും

മറന്നില്ലമ്മേ ഇനി
മറക്കുകയും ഇല്ല
പഴയൊരാ കാലം കിട്ടാൻ
വീണ്ടുംആഗ്രഹം അമ്മേ

# രാത്രിയും പകലും



*Negha Thomas 9B*

രാത്രി പകലിനോട് ചോദിച്ചു
നീ എങ്ങനെയിത്ര മനോഹാരിയായി
എല്ലാവരെയും ഉണർത്തുന്ന വിദ്യ
ചൊല്ലിത്തരുമോ എനിക്കും കൂടി
നീ വരുന്ന സമയത്ത് നിന്നെ വരവേൽക്കാൻ
എത്രയെത്ര ജീവജാലങ്ങൾ
പൂല്ലുകൾ പോലും എഴുന്നേറ്റു
നിൽക്കെയാണ് നീ വരുന്ന സമയത്തു
ജോലിക്കു പോകും മുതിർന്നവരും
വിദ്യ തേടും കുരുന്നുകളും
ആകെ തെരുവിൽ തിരക്കും ബഹളവും

ചൊല്ലി പകൽ രാത്രിയോട്
നീയില്ലാതെങ്ങനെ ഞാനുണ്ടാകാൻ
നിൻ സഖിയല്ലേ ഞാൻ,
നിൻ കിനാവല്ലേ ഞാൻ
പൂക്കൾ വിരിയിക്കുന്ന ജാലവിദ്യ
എന്നെയും കൂടി പഠിപ്പിക്കുമോ
എന്നും അസൂയയാണെനിക്ക് നിന്നോട്
ഭൂമിയോ ആയിരം തിളക്കത്താൽ
സ്വാഗതം ചെയുന്നു രാവിനെ

# സ്ക്രൂൾ ജീവിതം




***Adithyan N 9 B***

സ്ക്രൂൾ ജീവിതം ഒരു കുട്ടിയെ അനുബന്ധിച്ചു ഏറ്റവും മനോഹരമായ നിമിഷങ്ങളാണ്. കൂട്ടുകാരും അധ്യാപകരും ഒത്തുള്ള ജീവിതം അത് വേറെ രാജ്യത്തു പോയി സന്തോഷമായി ജീവിക്കുന്നതിനേക്കാൾ മനോഹരമാണ് സ്ക്രൂൾ ജീവിതം. കൂട്ടുകാരുമൊത്തു ഒരു ഒറ്റ കുടുംബം പോലെയാണ് ഒരു സ്ക്രൂൾ ജീവിതം. എന്റെ സ്ക്രൂൾ ജീവിതവും ഇതുപോലെയാണ്. എനിക്കും കുറച്ചു കൂട്ടുകാരുണ്ട് എന്റെ കൂട്ടുകാരന്മാർ എന്തിനും ഏതിനും എന്റെ കൂടെ തന്നെ നിൽക്കും. എന്നാൽ കൂട്ടുകാരികൾ എന്നെ കളിയാക്കാനായി തന്നെ വരും. അവരെ ഞാൻ കളിയാക്കി പറയുകയല്ല. അവരും ചില കാര്യങ്ങൾക്കൊക്കെ എന്റെ കൂടെ നിൽക്കും. ചില അധ്യാപകർ ക്ലാസ്സിൽ വരുമ്പോൾ എന്റെയും കൂട്ടുകാരുടെയും മുഖങ്ങളൊക്കെ വാടും. എന്നാൽ അവർ ക്ലാസ്സിൽ വന്നു കയറി അത്യാവശ്യം തമാശകൾ പറഞ്ഞു കഴിയുമ്പോൾ ഞങ്ങൾക്ക് സന്തോഷമാകും പണ്ട് കുട്ടിയായിരുന്നപ്പോൾ ഞാൻ സ്ക്രൂളിൽ പോകാൻ മടി കാണിക്കുമായിരുന്നു എന്നാൽ ഞാൻ വളർന്നു കഴിഞ്ഞപ്പോൾ ഞാൻ സ്ക്രൂളിൽ വരാൻ താൽപര്യം കാണിക്കുവാൻ തുടങ്ങി കാരണം സ്ക്രൂളിൽ വരുന്നത് എനിക്ക് ഒരു വിനോദമായി മാറി ഒരു ദിവസം പഠിത്തമില്ലെങ്കിൽ എന്റെ കൂട്ടുകാരെ കാണാതെ ഞാൻ വിമ്മിഷ്ടപ്പെടും പക്ഷെ ചില കൂട്ടുകാർ എന്റെ വീടിന്റെ അടുത്ത് തന്നെ ഉണ്ട് സ്ക്രൂൾ ജീവിതമാണ് എന്റെ ജീവിതത്തിലെ മനോഹരമായ നിമിഷങ്ങൾ.

## പ്രശസ്ത സാഹസിക നീന്തൽ താരം ശ്രീ ഡോൾഫിൻ രതീഷുമായി ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ലീഡർ അപർണ അനു നടത്തിയ അഭിമുഖം

**കൈകാലുകൾ ബന്ധിച്ചുകൊണ്ടു ഒരു സാഹസിക നീന്തലിനുള്ള ധൈര്യം എങ്ങനെ കിട്ടി ?**

ഞാൻ ജനിച്ചു വളർന്നത് ആലപ്പാട് പഞ്ചായത്തിലാണ്, അറിയാമല്ലോ ആലപ്പാട് എന്നത് കടലിനും കായലിനും മധ്യേയുള്ള പ്രദേശമാണ്, അതുകൊണ്ടു തന്നെ പാദനത്തെക്കാളും ഏറെ ശ്രദ്ധ നീന്തലിനോട് ഉണ്ടായി .കുട്ടിക്കാലത്തു തന്നെ കടലിലും കായലിലും പൊഴിയിലുമെല്ലാം നീന്തുന്ന സമയത്തു കൂടുതലും ഡോൾഫിൻ സ്റ്റൈൽ നീന്തൽ ആണ് ഏറെ ചെയ്തിരുന്നത് ആദ്യം കൈകൾ മാത്രം കെട്ടിയാണ് നീന്തിയിരുന്നത്, പിന്നീട് കാൽക്കൽ കൂടി കെട്ടിക്കൊണ്ടുള്ള നീന്തൽ ആരംഭിച്ചു. 2002 ആണ് ആദ്യമായി നീണ്ടകര പാലത്തിനു മുകളിൽ നിന്ന് കൈകാലുകൾ ബന്ധിച്ചു നീന്തൽ തുടങ്ങിവച്ചത് അങ്ങനെയാണ് ഈ സാഹസിക നീന്തലിലേക്ക് എത്തിച്ചേർന്നത് .





**സേവ് ആലപ്പാട് ക്യാപയിന്റെ ഭാഗമായി കൈകാലുകൾ കെട്ടിക്കൊണ്ടു നീന്തിയ പ്രകടനം ഇപ്പോൾ സോഷ്യൽ മീഡിയയിലെല്ലാം തന്നെ ഏറെ ചർച്ചചെയ്യപ്പെടുന്നുണ്ടല്ലോ? അതിനെ പറ്റി ?**ഞാൻ ജനിച്ചു വളർന്ന മണ്ണിൽ കഴിഞ്ഞ രണ്ടരമസക്കാലമായിട്ട് ജനകീയ സമിതിയുടെ നേതൃത്വത്തിൽ വിവിധ സമരപരിപാടികൾ , നിരാഹാരം ഉൾപ്പെടെ , കരിമണൽ ഖനനത്തിനെതിരെയുള്ള ചെറുത്തു നിൽപ്പായി നടന്നു വരുന്നു, എന്നാൽ ഈ പ്രശ്നങ്ങൾ ഒന്നും തന്നെ മാധ്യമങ്ങളോ പുറംലോകമോ അറിയുന്നില്ലെന്ന സത്യം ഉൾക്കൊണ്ടുകൊണ്ടാണ് ഇത്തരത്തിൽ ഒരു സാഹസിക നീന്തൽ പ്രകടനത്തിനായി മുന്നിട്ടിറങ്ങിയത്. അതോടൊപ്പം തന്നെ ഇതേ രംഗത്തുള്ള സുഹൃത്തുക്കളുടെ അഭിപ്രായം കൂടി കണക്കിലെടുത്തു എന്തായാലും ഇത്രദൂരം നീന്തുന്നു , എന്നാൽ പിന്നെ ഗിന്നസ് റെക്കോർഡിന് കൂടി ഉള്ള ഒരു ശ്രമം എന്തുകൊണ്ട് നടത്തിക്കൂടാ എന്നുള്ള ചിന്തയിൽ നിന്നാണ് അത്തരത്തിലും വാർത്തയിൽ ഇടം നേടിയത്. ഗിന്നസ് റെക്കോർഡ് സ്ഥിരീകരണത്തിനു ഇനിയും കുറച്ചു സാങ്കേതിക വശങ്ങൾ കൂടി പിന്നിടേണ്ടതുണ്ട് , എന്നാലും നാടിന്റെ അവസ്ഥ പുറംലോകത്തേക്കും മാധ്യമങ്ങൾക്കു മുന്നിലേക്കും എത്തിക്കാനായതിൽ സന്തോഷം

**അക്കാദമിക് പരമായ ഒരു പ്രൊഫഷൻ തെരെഞ്ഞെടുക്കാതെ അത്ലറ്റിക് പരമായ ഒരു പ്രൊഫെഷൻ തെരഞ്ഞെടുക്കാനുള്ള കാരണം എന്തായിരുന്നു ?**

നേരത്തെ സൂചിപ്പിച്ചപോലെ തന്നെ പഠനത്തെക്കാളുമേറെ നീന്തലിനോടായിരുന്നു താല്പര്യം.അക്കാലത്തു തന്നെ ടീച്ചേർസ് ഉപദേശിക്കാറുണ്ടായിരുന്നു ഈ കഴിവിനെ കൂടെ തന്നെ വിദ്യാഭ്യാസം കൂടി നന്നായി കൊണ്ടുപോകണം എന്ന് .പല പല നേട്ടങ്ങൾ എത്തിപ്പിടിച്ചാലും ഒരുവേള വിദ്യാഭ്യാസ യോഗ്യതയുടെ പേരിൽ നമ്മൾ തഴയപ്പെട്ടേക്കാം ,തീർച്ചയായും അങ്ങനെ ഉള്ള അവസ്ഥയിലൂടെ കടന്നുപോകേണ്ടതായും വന്നിട്ടുണ്ട് .വിദ്യാഭ്യാസത്തെക്കാൾ ഞാൻ എന്റെ കഴിവിനെ പ്രൊമോട്ട് ചെയ്യാനാണ് ശ്രമിച്ചത് , എന്റെ ഏറ്റവും വലിയ അംബിഷൻ എന്നത് ഇംഗ്ലീഷ് ചാനൽ നീന്തിക്കടക്കുക എന്നതാണ് അങ്ങനെ സ്വന്തമായി കുറെ റെക്കോർഡുകൾ നേടുക , പഠനത്തെക്കാൾ ഏറെ ശ്രദ്ധ നീന്തലിനു നല്കയതിനാലാണ് അക്കാദമിക പരമായ ഒരു പൊഫഷനിലേക്ക് തിരിയാതിരുന്നത്

**കലാ പരമായ കഴിവുകൾ എന്തെങ്കിലും ?**

കലാപരം എന്ന് പറയാൻ സ്കൂൾ സമയത്തു യുവജനോത്സവ വേദികളിൽ മുഖം കാണിച്ചിട്ടുള്ള അനുഭവം മാത്രമാണ്, അല്ലാതെ ഒരു ആക്ടർ ഒന്നുമല്ല . ഇപ്പോ പറയാൻ ആണെങ്കിൽ ഒരു ബ്രേഷ്ഠനെന്നു പറയാം ശ്രീ അനിൽ വി നാഗേന്ദ്രൻ സർ സിനിമയിലേക്ക് അവസരം നൽകിയതാണ്, ആക്ടിങ് ഒട്ടും വഴങ്ങുന്നതുമല്ല എനിക്ക്, ധാരാളം അവസരങ്ങൾ തേടി വന്നിട്ടും ഉണ്ട് അവയല്ലാം സ്നേഹപൂർവം വേണ്ടെന്നു വച്ചിട്ടുമുണ്ട്

**താങ്കളുടെ മക്കൾക്ക് നീന്തലിനോടുള്ള താല്പര്യം എങ്ങനെ ആണ്**

എനിക്ക് രണ്ടു ആൺകുട്ടികളാണ് , രണ്ടുപേർക്കും നീന്തൽ താല്പര്യവും ഉണ്ട് , എങ്കിലും അവരെ ഒരിക്കലും എന്റെ മേഖലയിലേക്കു നിർബന്ധപൂർവം കൊണ്ടുവരില്ല . അവർ തന്നെ സ്വയം തീരുമാനിക്കട്ടെ എന്നാണ്, എന്തായാലും നീന്തൽ അറിഞ്ഞിരിക്കുന്നത് തന്നെ വളരെ നല്ലൊരു കാര്യം ആണ് .

**ഒരു പക്ഷെ മക്കൾ ഇതേ മേഖലാതന്നെ തെരെഞ്ഞെടുക്കുകയാണെങ്കിൽ എന്തായിരിക്കും പ്രതികരണം ?**

അങ്ങനെ ഒരു ആഗ്രഹവുമായി എന്റെമുന്നിൽ എത്തുകയാണെങ്കിൽ അവര്ക് എല്ലാ വിധ സപ്പോർട്ടും ഉണ്ടായിരിക്കും എന്റെ ഭാഗത്തുനിന്നും, മാത്രമല്ല അവരെ എന്നെക്കാളും പ്രശസ്തരായ നീന്തൽ താരങ്ങളാക്കുക എന്നതായിരിക്കും അന്നേരം എന്റെ ഉദ്യമം

**കുടുംബത്തെകുറിച്ചു ഒന്ന് പറയാമോ?**

വീട്ടിൽ അച്ഛൻ ഉണ്ട് , മൽസ്യത്തൊഴിലാളിയാണ് ,'അമ്മ വീട്ടമ്മയാണ് , ഭാര്യ രണ്ടു മക്കൾ , ബ്രേഷ്ഠന്മാർ രണ്ടു പേർ അവരുടെ കുടുംബാംഗങ്ങൾ ഇതാണ് എന്റെ കുടുംബം

**പഠനകാലത്തു തന്നെ നീന്തൽ എന്നതൊരു അംബിഷൻ ആയി മാറിയിരുന്നു?**

തീർച്ചയായിട്ടും ,പഠിക്കുന്ന കാലത്തൊക്കെ ക്ലാസ് കട്ട് ചെയ്ത് നീന്താൻപോകുന്ന ഒരു ശീലം ഉണ്ടായിരുന്നു, കടലും കായലും ചേർന്നൊരു ഭൂപ്രകൃതി ആയത്കൊണ്ട് നീന്തൽ ഒരു പ്രത്യേക ഹരമായിരുന്നു, എന്നാൽ ഇപ്പോൾ നമ്മുടെ ഈ പ്രദേശത്തപോലും തൊണ്ണൂറു

ശതമാനത്തിലേറെപേർക്കു നീന്തൽ വാസമില്ലെന്നത് മറ്റൊരു സത്യമാണ്

**നീന്തൽ എന്ന പ്രൊഫഷൻ തെരഞ്ഞെടുത്തതിൽ താങ്കളുടെ കുടുംബം സന്തുഷ്ടരാണോ?**

ആദ്യമൊക്കെ എതിർപ്പുകൾ ഉണ്ടായിരുന്നു കാരണം എന്തെന്നാൽ എന്റെ ഒരു സുഹൃത്തുകൂടിയായിരുന്ന ശ്യാം എസ്പ്രബോധിനി ,ചേട്ടന്റെ ഇതേപോലുള്ള നീന്തലിൽ ആകൃഷ്ടനായിട്ടാണ് ഞാനും ഇതിലേക്ക് ശ്രദ്ധ കൊടുത്തത് അദ്ദേഹത്തിന്റെ മരണത്തിനു ശേഷം ഏതാണ്ട് ഒരു നാല് വർഷക്കാലം ഇത്തരം നീന്തൽ പ്രകടനങ്ങൾ നടത്താൻ കുടുംബത്തിനെ പിന്തുണ കുറവായിരുന്നു, പിന്നെ നീന്തലിനു നിയമപരമായ കുറെ കടമ്പകൾ ,പോലീസിന്റെ ഉൾപ്പെടെ വേണ്ടി വരും , സുരക്ഷാ ഒരു പ്രധാന വിഷയം ആണ്, ഇപ്പോൾ എല്ലാവർ നല്ല സപ്പോർട്ട് ആണ് ,നീന്തുമ്പോൾ സുരക്ഷാ ഉറപ്പാക്കണം എന്ന് പറയാറുണ്ട്

**ജീവിതത്തിൽ കൈവരിച്ച നേട്ടങ്ങൾ എല്ലാം തന്നെ നീന്തലിലൂടെ ആയിരുന്നോ?**

തീർച്ചയായും, ആലപ്പാട് എന്ന തീരദേശ ഗ്രാമത്തിലെ ഒരു സാധാരണ മത്സ്യത്തൊഴിലാളി കുടുംബത്തിൽ ജനിച്ച എന്നെ നാടറിഞ്ഞത് നീന്തലിലൂടെ തന്നെ ആണ് , ഇപ്പോൾ തന്നെ രണ്ടു തവണ ലിംക ബുക്ക് ഓഫ് റെക്കോർഡ്സ് കുറിശ് ചെയ്തു , നാഷണൽ ലെവൽ , പിന്നെ ഇനി ഇപ്പോൾ കാത്തിരിക്കുന്നത് ഗിന്നസ് റെക്കോർഡ് ആണ്, അങ്ങനെ എല്ലാ അംഗീകാരങ്ങളും കൊണ്ടുത്തന്നത് നീന്തൽ ആണ്

**ജീവിതത്തിൽ ആരെങ്കിലും റോൾ മോഡൽ ആയി ഉണ്ടോ?**

ഞാൻ ഏറെ ആദരിക്കുന്ന ഒരു കായികതാരം ആണ് മിൽഖാ സിംഗ്, രാജ്യം വിഭജനത്തിന്റെ കാലത് പാകിസ്ഥാനിൽ നിന്നും ഇന്ത്യയിലെത്തി വളരെ സാധാരണ ചുറ്റുപാടിൽ നിന്നും ഉയർന്നുവന്ന ഒരു അത്ലറ്റ് ആണ് അദ്ദേഹം , ഞാനും അത്തരത്തിൽ അല്ലെങ്കിലും ഒരു സാധാരണ കുടുംബത്തിൽ നിന്നുമാണ് രംഗത്തേക്ക് കടന്നു വന്നത്

**മിൽഖാ സിംഗ് ഒരു പ്രചോദനം ആയി തീരാൻ കാരണം ?**

ശരിക്കു പറഞ്ഞാൽ അദ്ദേഹത്തിന്റെ ജീവിതഥ സിനിമ ആയിറങ്ങിയത് എത്ര തവണ കണ്ടു എന്ന് ഇപ്പോഴും നിശ്ചയമില്ല , അതിലെ ഓരോ രംഗങ്ങളും , ഇപ്പൊ ഗിന്നസ് പ്രകടനത്തിന് നീന്തുപോൾ പോലും ആ ദൃശ്യങ്ങൾ മനസിൽ മിന്നി മാഞ്ഞിരുന്നു, അത്തരം വ്യക്തികൾ നൽകുന്ന ഗുണപാഠങ്ങൾ വളരെ വലുതാണ്

**നീന്തൽ എന്ന പ്രൊഫഷൻ വഴി കിട്ടിയ അംഗീകാരങ്ങൾ ഏതൊക്കെയാണ്?**

മൂന്ന് തവണ ലിംക ബുക്ക് ഓഫ് റെക്കോർഡ്സ് , യുവജനക്ഷേമ ബോഡിന്റെ പുരസ്കാരം, നിരവധി സർക്കാർ ഏജൻസികളുടെ ക്യാഷ് അവാർഡുകൾ , സർക്കാരിന്റെ നീന്തൽ സംബന്ധമായ പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ എന്നിവയൊക്കെ ആണ് എടുത്തുപറയത്തക്ക അംഗീകാരങ്ങൾ , ഇനിയുള്ളത് കാത്തിരിക്കുന്നത് ഗിന്നസ് റെക്കോർഡ് ആണ് ,

**ഇന്ത്യക്കു പുറത്തു ഏതെങ്കിലും രാജ്യത്ത് നീന്തൽ പ്രകടനം നടത്തിയിട്ടുണ്ടോ?**

ദുബായിൽ ആണ്  ആകെ അത്തരത്തിൽ ഒരു പ്രകടനം നടത്തിയത് , ഇനിയുള്ള പ്ലാൻ, എട്ടു കിലോമീറ്ററോളം ഉള്ള ദുബായ് കടലിടുക്ക് നീന്തുക എന്നത് ആണ്, ഇതേ വരെ ഫ്രീസ്റ്റൈൽ ആയി പോലും ആര് ചെയ്യാത്ത ആ ഒരു ഉദ്യമത്തിലേക്കാണ് തയ്യാറെടുപ്പുകൾ .

**വിദ്യാഭ്യാസം എവിടെ വരെ ആയിരുന്നു?**

ചെറുപ്പത്തിലേ നീന്തലിനോടുള്ള ആവേശം കാരണം പത്താം ക്ലാസ് വിദ്യാഭ്യാസം മാത്രം ആണുള്ളത്, വിദ്യഭ്യാസം മുന്നോട്ടു കൊണ്ടുപോകാഞ്ഞതിൽ ഇടക്കൊക്കെ സങ്കടം തോന്നാറും ഉണ്ട് .

**ഏത് സസ്കൂളിൽ ആയിരുന്നു പഠനം പൂർത്തീകരിച്ചത്?**

ഞാൻ ഇവിടെ തന്നെ ചെറിയഴീക്കൽ വി എച് എസ് എസ്സിൽ തന്നെയാണ് പഠനം പൂർത്തിയാക്കിയത്


**നീന്തൽ എന്ന പ്രൊഫഷൻ അതിൽ താങ്കൾ പൂർണ തൃപ്തനാണോ?**

അതെ , അത് തിരിച്ചറിഞ്ഞ കാലത് തന്നെയാണ് പഠനം പോലും മാറ്റിവച്ചുകൊണ്ടു ഈ ഒരു അധികമാരും കടന്നെത്താത്ത ഒരു നീന്തൽ പ്രകടനത്തിലേക്ക് തിരിയുവാനുമുള്ള കാരണം

**നീന്തലിനെ  പറ്റി വിദ്യാർത്ഥികളോട് ?**

നീന്തൽ അറിഞ്ഞിരിക്കുക വളരെനല്ല കാര്യം ആണ്, മുങ്ങിമരണങ്ങൾ ഏറെ കൂടി വരുന്ന ഈ കാലത്തു നീന്തൽ അറിഞ്ഞിരിക്കുക ഉത്തമം ആണ്, നല്ലൊരു കായികഇനം കൂടിയാണ് , സുരക്ഷാ വീഴ്ചകൾ ഉണ്ടാകാതെ വേണം നീന്തൽ അഭ്യസിക്കാൻ, അറിയാവുന്നവർ മറ്റുള്ളവർക് നീന്തൽ പഠിപ്പിച്ചും കൊടുക്കുക അത്ര മാത്രം

നന്ദി ..



# ENGLISH

# The Lord of Solitude



**Adithyan.N.**
**9B**

*Gloomy Mornings,*
*Pale and yellow shadows*
*Here, I awaits you the lord*

*In my solitude, my mind*
*Goes to the shambled past,*
*Let me regret, for all the moments*
*Those I lost in busy roads*
*And those I lost in shattered frights.*

*Here I am alone in my solitude.*
*In this gloomy morning,*
*I am waiting you the lord,*
*The superior than all on the earth*
*The lord of virtues*
*Hey lord! Come to me.*

* * * * * * * * * * * * * * * * *

# Winners & Losers



**Devapriya. R**
**IX: B**

The winner is always a part of an answer;
The loser is always a part of a problem.
The winner always has a plan;
The loser always has an excuse

The winner says “Let me do it for you” ;
The loser says “that’s not my job”
The winner sees an answer in every problem
The loser sees a problem in every answer

The winner sees a green near every sand trap
The loser sees sand trap near every green
The winner says “It may be difficult but it’s possible
The loser says “it may be possible but difficult”

# Take Time.



**Kasinathan. S**
**IX: A**

Take time to THINK
This is the source of POWER
Take time to READ
It is the foundation of WISDOM

Take time to PLAY
It is the secret of staying YOUNG
Take time to be QUIET
It is the chance to MEDITATE

Take time to love and be LOVED
It is God's GREATEST GIFT
Take time to LAUGH
It is the light of SOUL

Take time to WORK
It is the key to SUCCESS
Take time to PRAY
It is the greatest power on Earth

# MONEY



**Niranjana.**
**IX : A**

***With money you can buy a house, but not a home***

***With money you can buy a clock, but not time***

***With money you can buy a bed, but not sleep***

***With money you can buy a book, but not knowledge***

***With money you can buy a doctor, but not good health***

***With money you can buy a position, but not respect***

***With money you can buy blood, but not life***

^^^^^^^^^^^^^^^^^^^^^^^^^^^^^^^^^

# WORLD



Aswin Krishna
IX A

How lovely the world looks!

Like the beautiful Heaven

It is filled with love –

Of the heavenly father

The dancing fields

And the singing rivers

All make the world beautiful

# MY LITTLE DOLL

I have a little doll

Her name is Neena

It has a little nose

Looks like a bun

It has two eyes

Look like circles

It has little lips

Look like a rose

It has two ears

Look like a seven

It has beautiful hair

Looks like thread

Vandana. S V:B



SREERAMAN S
IX:B

# MY BOOK

My life is like a book,
That everyone can take a look
And make a good friendship

At first it was blank
Then I filled it with my
Day to day experiences

Then my life book began to grow
At a time the growing come to an end
And pages began to tear
It became vanished

At last the book does not contain any paper more!
That is the end of my life and memories.

# **A RAINY DAY**



**ASHIK. U. IX B**

Oh! It's raining:
Clouds are darkening-
Lightening, crashing,
Wind blows towards the trees.
Plants are dancing
Water lashing, men are walking:
Children are playing in the rain
There's a rainbow,
peeping towards the sky
The sky is clearing
The birds start flying,
And everything becomes-
Shining like before
Rain may come and go; clouds also-
Sky is always there, always shining

* * * * * * * * * * * * * * * * * * * * * * *



# MY DREAM WORLD

*INDUPRIYA. A*
*X B*

My dream world
It is a world of mine
Sweat wine of youth
And the love of peace
Lock me in a dream world
It's a world of peace and love
My dream is to become a singer
Blow out without control
I open my heart and sing a song
In my dream world
My freedom to sing a song
Give me a pleasant smile
I will become happy

* * * * * * * * * * * * * * * * *

# Flowers.



***DEVANANDA R***
***X B***

Flowers are looking beautiful

All flowers are smiling like,

Rose, jasmine and lily

When the sun comes

All the flowers get energy

Flowers want to get water

Flowers want to get light

Flowers want to get heat

Flowers are the

attractive part of a plant.

All children like flowers

All flies and birds like flowers

We gift flowers to God

All children are like flowers

We are all loving flowers.

# FALLEN LEAVES.

*Once we were happy and enjoyed a lot, by providing shades and soothing breeze to others. We were so proud of ourselves; because of the love and care given by others to us. We were praised by everyone; they admired us a lot. That made us delighted. So we were leading a peaceful life by giving comforts to all others. They believed and expected a lot. Thus we're dazzling brightly with a pleasure untold.*

*But suddenly there came a violent storm which took us away from the tree and shattered our dreams. The people who admired us began to lose their trust upon us; they expected a lot of comfort, which we gave them before. We no longer heard those admiring words and forced to hear the words blaming us, for someone else's mistake! Now we are just fallen leaves! Withered, shattered everywhere, remembered and noticed by none*



**ANAMIKA .V IX B**

# Friends



**DEVAPRIYA.R**
**IX B**

You are something that
Inspiring me to live.
You are something that
Make me happy

You are something that
Make my life beautiful
You are something that
Make me right everywhere

You are the beats
Of my heart
I believe that You
Will never leave me

()()()()()()()()()()()()()()()()()()()()()



**ARDRA RAMANAN 9B**

# The dream of life

The dream of my life
is not to be rich
but to live the whole
life with happiness
I don't want to be
beautiful in look
but in my heart
I want to be beautiful
I have so many points
In my heart
But i try to make
Everyone happy with my life

# THE RIGHT PERSON

Once there was a wise king. He had two sons. He appointed scholars to teach them all arts. After a few years of teaching, the king fell ill badly. So, he wanted to select his next king for his kingdom. He wanted to test his sons' abilities.

He called both of them and gave a room to each of them. He said, "you fill this room completely with any thing you wish. It can be anything! But there should be no space left behind and you should not seek the advice of any one!"

The next day the king visited the elder son's room. The room was completely filled with hay. The king sighed on the foolishness of the elder son. Then he went to the younger son's room but it was kept closed. The king knocked at the door. The second son asked his father to get in and close the door again.

There were darkness every were and king shouted at his second son angrily. But the second son lighted a candle, " I have filled the room with light!".Now the king felt very happy and his son proudly. He understood that the younger son would be the right person to rule the kingdom.



Arsha Suran 9 B

# THE DREAM OF MY LIFE

The dream of my life
is not to be rich
But to live the whole
Life with happiness.
I don't want to be
Beautiful in look
But in my heart
I want to be beautiful
I have so many sorrows
In my heart
But i try to make
Everyone happy, with my life



Ardra Ramanan IX B

# Rain Drops

I heard the rhythm of rain and
Its warmth, when it showered
On me through my heart, but
They have already began to melt

I tried myself to be happy,
Behind the shades of sorrow;
Yet tears had fallen down.
Then the rain reached to,
Console me with thy frozen fingers.

I thought its touch took my stress away!
No, it remained as glare in y eyes.
Then you are also glowing inside me.
I gave you more clarity through my blood.
All the fallen leaves had your fragrance.
Here in the midst of darkness.

Praful.K.C (Teacher)

# LOSER


Negha Thomas
9B

The friendship is the
Most beautiful thing
I want my friends with
Me in all situations

But I don't have
Any friends like that
Because I'm a loser
They don't want me

I hate my life
Because I'm a big loser

# THE STRANGER



**NEGHA THOMAS**
**9B**

Once in my dream I saw a man who

Is a stranger for me in all thing.

He tortured me In the dreams that

I see every night. And I finally saw,

That man who tortured me;

He is the stranger called DEATH.

# BEAUTY


APARNA *ANU 9 B*

Beauty is not the internal
expressions in you face.
Beauty is the expressions-
in your deep mind.

The beauty of a person-
is not good for other person.
Everyman mind-
is different.

A good one is not-
good for everyone,
And a bad one is not-
bad for everyone.

++++++

# ON A RAINY DAY


*APARNA ANU 9 B*

A day that full of rain,
A boy who travels in a train,
Looked out of the window,
And he saw beautiful views.

The peacock in the garden,
Danced with the rhythm of rain,
And the buds are bloomed,
And they danced together.

On a rainy day,
The boy travelled in the train,
Thought that, how our nature-
Became a wonder!

## EACH OF A DAY IN MY LIFE



*APARNA ANU 9 B*

I am a student,
I enjoy my each-
days in my school life.

I enjoy my day with-
My friends in joining games,
And studying in a classroom,
And sitting in a bench.

The school life is the
Most wonderful time in our life.
Each of a day in my life,
I wanted to enjoy in my school.

~~~~~~~~~~

## NATURE



*APARNA ANU 9 B*

Nature is our first
And best teacher.
In our nature we have
So many teachers.

River, forest, sky all
Are the teachers.
We used to learn lots
Of lessons from this teachers.

Each of this teachers
Teach, different lessons.
This lessons are the
Foundation of our life

**$$$$$$$$$$$$$$$$$**
~~~~~~~~~~



*APARNA ANU 9B*

# FAILED

I dislike a word in my life.
That word is 'FAILED'

When I am failed
My life is meaningless.
When my life is meaningless
I don't want to live.

I lived in this world
for the success of my aim.
Not for other,but for me.

I like a word in my life.
That word is 'WIN'
I want to win everywhere.

* * * * * * * * * * * * * * * * *



*APARNA ANU*
*9B*

# IMAGINATION

**Every man has the-**
**faculty imagination.**
**Reality is the most pain and**
**it is difficult for the people to face it.**

**In every human dream,**
**There is a world of fascination.**
**In every trouble, everyone's**
**mind travel to its causes.**

**It makes the people to**
**do crimes and suicides.**
**But now people most**
**afraid to face reality.**
**!!!!!!!!!!!!!!!!!!!!!!!!!**

## IN MY DREAM



**APARNA ANU 9B**

In my dream..,
I see my nature with
Full of sorrows

I can see the polluted
River that crying.
And our nature's heart-
stole by humans.

The humans that are-
torturing our nature,
Without any mercy
Deep in his mind.

Why do the sons of
Nature torture his-
Own mother without-
A little mercy?
*******

# MOTHER


*APARNA* ***ANU***

My life is the donation-by my mother.
She is the perfect mother in the world.

She is my first and-best teacher..,
She is my God,And my best friend.

My mother is my-fortune and faith,
She is my love-and everything.

She give out her-life for me,
Don't loss your mother for anything.
!!!!!!!!!!

# MY LIFE


**APARNA ANU**

I am a student.

I want to win everywhere.

The important words in my life

are 'WIN', 'STUDY', 'SUCCESS'.

I want to win everywhere,

I want to study last long,

I want success in everything.

These are my dreams in my life

&&&&&&&&&&&

# ONE


APARNA ANU

One is my favourite
number forever.
I want to become
a winner.

One is he first number,
I want to become first.
I don't want to
become a failure.

So I like one.
One is my life number.
Become first n everything,
That is my aim.

************

## PEACE, LOVE AND TRUTH


*APARNA ANU*

Peace, love and truth-
Are the three keys of life.
But now, these virtues are-
Not present in human life.

The peace love and truth-
Compare with stream, stars and birds.
But the humans not-listen to it.

The human behaviour-became cruel;
Because-of the absence of
these-virtues in  life..

# TEARS



APARNA ANU

Tears will come out,
Through my eyes,
When I am hurt or
my life become meaningless.

When I fall into sorrows
Tears will come out.
I want to cry with
my sorrows.

I stop my crying
when my sorrows end.
Tears is the best
Friend of my sorrows.

I will cry, when
Someone hurt me or
Avoid me or  my life
Become meaningless.

# WHITE



**APARNA ANU**

I like white colour.
Because, white includes-
Seven colours Named VIBGYOR.

These seven colours will-
Come to my life,
In different stages, In different times.

I would like to-
Come out to the light
From the darkness of my life

$$$$$$




# 2018 - സ്കൂൾ ദിനങ്ങളിലൂടെ..








## ശുചീകരണയജ്ഞത്തിൽ സി.ആർ.പി.എഫും പങ്കാളികളായി

ആലപ്പാട് ▸ ലോകപരിസ്ഥിതി ദിനാചരണത്തിൻെറയും പ്രധാനമന്ത്രിയുടെ സ്വച്ഛ്ഭാരത് പ്രഖ്യാപനത്തിൻെറയും ഭാഗമായി ശുചീകരണയജ്ഞത്തിൽ പങ്കാളികളാകാൻ കേന്ദ്ര റിസർവ് പോലീസ് ഫോഴ്സും ചെറിയഴീക്കലിൽ രംഗത്തിറങ്ങി. തിങ്കളാഴ്ചയും ചൊവ്വാഴ്ചയും രാവിലെ 10 മണിമുതൽ വൈകീട്ട് നാലുമണിവരെ ചെറിയഴീക്കൽ സ്കൂൾ പരിസരത്ത് ശുചീകരണപ്രവർത്തനങ്ങൾ നടത്തി.

ബാത്ത്റൂമുകളും, ടോയ്‌ലറ്റുകളും വൃത്തിയാക്കുകയും അണുവിമുക്തമാക്കുകയും ചെയ്തു. പരിസരത്തെ ചപ്പുചവറുകൾ പൂർണമായും നീക്കി കുഴിച്ചുമൂടി. അമൃതപുരിയിൽ ക്യാമ്പ് ചെയ്യുന്ന സി.ആർ.പി.എഫ്. 221 ബറ്റാലിയനിലെ വി.ഐ.പി. സെക്യൂരിറ്റികളായ 32 പേരാണ് ശുചീകരണയജ്ഞത്തിൽ പങ്കാളികളായത്. സ്കൂൾപരിസരങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. പരിസ്ഥിതി ബോധവത്കരണ ക്ലാസും നടത്തി.

▸ പരിസ്ഥിതിദിനാചരണത്തിൻെറ ഭാഗമായി ചെറിയഴീക്കൽ ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ സി.ആർ.പി.എഫിൻെറ നേതൃത്വത്തിൽ നടന്ന ശുചീകരണയജ്ഞത്തിൻെറ സമാപനയോഗം കരുനാഗപ്പള്ളി അസി. പോലീസ് കമ്മിഷണർ ബി.വിനോദ് ഉദ്ഘാടനം ചെയ്യുന്നു

സമാപനയോഗത്തിൽ ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് പി.സെലിന അധ്യക്ഷത വഹിച്ചു. സി.ആർ.പി.എഫ്. അസിസ്റ്റൻറ് കമാൻഡൻറ് രാജേന്ദ്രകുമാർ മുഖ്യപ്രഭാഷണം നടത്തി. കരുനാഗപ്പള്ളി അസിസ്റ്റൻറ് പോലീസ് കമ്മിഷണർ ബി.വിനോദ് യോഗം ഉദ്ഘാടനം ചെയ്തു. സ്കൂൾ പി.ടി.എ. പ്രസിഡൻറ് രഘു, അമൃതാനന്ദമയി മഠം സ്വാമി വേദാമൃത ചൈതന്യ എന്നിവർ പ്രസംഗിച്ചു.



















## ചെറിയഴീക്കൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ ഹൈടെക് നിലവാരത്തിലേക്ക്.

ചെറിയഴീക്കൽ .ചെറിയഴീക്കൽ ഗ്രാമത്തിന്റെ ഹൃദയതുടുപ്പായി മാറിയ ഗവൺമെന്റ് വി.എച്ച്.എസ്.എസ്. ഹൈടെക് നിലവാരത്തിലേക്ക് ഉയരുന്നു. കരുനാഗപ്പള്ളി ഉപജില്ലയിലെ ഈ സരസ്വതി ക്ഷേത്രത്തിൽ അക്ഷരം അഭ്യസിച്ച് മികവിന്റെ സർഗ്ഗ വാതിൽ കടന്നവർ നിരവധിയാണ്. ഇപ്പോൾ സർക്കാരിന്റെ പൊതുവിദ്യാലയ സംരക്ഷണയജ്ഞത്തിലൂടെ ഈ സരസ്വതി സ്ഥാപനം ഹൈടെക് നിലവാരത്തിലേക്ക് ഉയരുന്നു. ഇതിലൂടെ വിദ്യാർത്ഥികൾക്ക് കൂടുതൽ മികച്ച വിദ്യാഭ്യാസം നൽകാൻ ഒരുങ്ങുകയാണ് ചെറിയഴീക്കൽ ജി.വി.എച്ച്.എസ്.എസ്.

പഠനരംഗത്തും അതുപോലെതന്നെ കലാരംഗത്തും കായികരംഗത്തും കുട്ടികളെ ഉന്നത നിലയിലെത്തിക്കാൻ ആവശ്യമായ പ്രവർത്തനങ്ങളും ഈ വിദ്യാലയം നടത്തിവരുന്നു. ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ നാല് ഫുൾ എ പ്ലസുകൾ നേടി മികച്ച വിജയം കൈവരിച്ചു. അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുന്ന അധ്യാപകരുടേയും എസ്.എം.സി.യുടേയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ് തുടർച്ചയായി ലഭിക്കുന്ന ഈ മികച്ച വിജയം.

ഈ സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഉന്നത നിലവാരത്തിലുള്ള വിജയം എല്ലാ രംഗത്തും കൈവരിക്കാൻ ആവശ്യമായ പരിശീലനവും ലഭിക്കുന്നു.പാഠ്യേതര പ്രവർത്തനങ്ങൾക്കെല്ലാം അധ്യാപകർ പഠനത്തോടൊപ്പം പ്രാധാന്യം നല്കുന്നു. അതുപോലെ ഔഷധസസ്യങ്ങളുടെ പ്രാധാന്യം വളർന്നുവരുന്ന തലമുറയെ ഓർമ്മിപ്പിക്കാനായി സ്കൂളിൽ നിർമ്മിച്ചിരിക്കുന്ന ഔഷധത്തോട്ടം, സുസഹജമായ സയൻസ്-കമ്പ്യൂട്ടർ ലാബുകൾ, സ്ത്രീസൗഹൃദമുറികൾ, മുഴുവൻ സമയ കൗൺസിലിംഗ് സൗകര്യം, പോഷകസമൃദ്ധമായ ഉച്ചഭക്ഷണം, കൂടാതെ വിവിധക്ലബ്ബ് സൗകര്യം എന്നിങ്ങനെ യുവതലമുറയുടെ ശാരീരിക മാനസികാരോഗ്യത്തെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ കുട്ടികളുടെ സ്വഭാവ രൂപീകരണത്തിന് സഹായിക്കുന്നു.

സ്കൂളിന്റെ ഈ മികച്ച പ്രവർത്തനത്തിന് വഴിവിളക്ക് നാട്ടാൻ പി. റ്റി. എ, എസ്. എം. സി, പൂർവ്വ വിദ്യാർത്ഥികൾ അതിലുപരി ചെറിയഴീക്കൽ എ.വി.പി.യോഗവും ഒപ്പം നല്ലവരായ നാട്ടുകാരുടെയും സ്തുത്യർഹമായ പ്രവർത്തനങ്ങൾ വേറെയും. ഇവരുടെയെല്ലാം സമിതികൾ വിദ്യാലയത്തിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ പ്രതിഭപരിപോഷണത്തിനും ആവശ്യമായ സഹായങ്ങൾ നൽകിവരുന്നു. ഇങ്ങനെ ലഭിക്കുന്ന സഹായങ്ങൾ അതുപോലെ തന്നെ ഹൈടെക് ആയി മാറുന്നതിലൂടെ ഉയർന്ന പഠനനിലവാരമുള്ള സമൂഹത്തെ രൂപപ്പെടുത്താൻ ചെറിയഴീക്കൽ ജി.വി.എച്ച്.എസ്.എസ്-ന് സാധിക്കുന്നു എന്ന് സ്കൂൾ അധികൃതർ





കുട്ടനാടിനൊരു കൈത്താങ്ങ്

## സഹായഹസ്തവുമായി ചെറിയഴീക്കൽ ജി.വി.എൽ.പി.എസ്. നന്മ ക്ലബ്ബ്

കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിക്കുന്നവർക്കായി ചെറിയഴീക്കൽ ജി.വി.എച്ച്.എസ്.എസിലെ നന്മ ക്ലബ്ബ് സ്വരൂപിച്ച വിഭവങ്ങളുമായി അംഗങ്ങൾ

കരുനാഗപ്പള്ളി ▸ കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് ചെറിയഴീക്കൽ ജി.വി.എൽ.പി.എസിലെ മാതൃഭൂമി നന്മ ക്ലബ്ബിന്റെ സ്നേഹസാന്ത്വനം. നന്മ ക്ലബ്ബ് സമാഹരിച്ച വിഭവങ്ങൾ മാതൃഭൂമി ഓഫീസിൽ എത്തിച്ചു.

പയറുവർഗങ്ങൾ, ബിസ്കറ്റ്, ലഘുഭക്ഷണങ്ങൾ, കുടിവെള്ളം, വസ്ത്രങ്ങൾ, ഡെറ്റോൾ, സോപ്പ്, ലോഷൻ തുടങ്ങിയ വിഭവങ്ങളാണ് വിദ്യാർഥികൾ സമാഹരിച്ചത്. സമൂഹത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് സഹായമെത്തിക്കുന്നതിലൂടെ കുട്ടികളിൽ നന്മയുടെ സന്ദേശം പകർന്നുനൽകാൻ സാധിച്ചതായി അധ്യാപകർ പറയുന്നു. ഓഖി ദുരന്തം ഉണ്ടായപ്പോഴും ചെന്നൈയിൽ വെള്ളപ്പൊക്കം ഉണ്ടായപ്പോഴും ചെറിയഴീക്കൽ സ്കൂളിലെ വിദ്യാർഥികൾ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. പ്രഥമാധ്യാപകൻ വി.പ്രകാശ്, പി.ടി.എ. പ്രസിഡൻറ് ജി.രഘു, എസ്.എം.സി. ചെയർമാൻ കെ.ജെ.മുരുകൻ, സീനിയർ അസിസ്റ്റൻറ് എസ്.സുഷ, സ്റ്റാഫ് സെക്രട്ടറി ടി.വിശ്വംഭരൻ, പരിമളം സി.പി., ബീന, ഉഷ, പ്രഫുൽ, നെജി മുഹമ്മദ്, നന്മ കോ-ഓർഡിനേറ്റർ വിളയിൽ ഹരികുമാർ, നന്മ ക്ലബ്ബ് അംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.












GOVT: HIGHER SECONDARY SCHO
KOLLAM


Room No 7
162352—
162371

***“Its time to shed the leaves of memories***
***Darkness has dangled within.***
***Missing the light which kept for tomorrow***
***Does the darkness denote hope?***
***Don't know?***
***One thing is sure..***
***I've to go beyond Memories”***

# ***Thanks....***